# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഷൊർണ്ണൂര് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD.22/1644/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 25/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഷൊർണ്ണൂര് മുനിസിപ്പാലിറ്റി

സർ,

വിഷയം : ഷൊർണ്ണൂര് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഷൊർണ്ണൂര് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2)ഡയറക്ടർ, അർബൻ അഫയർസ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD.22/1644/22 തീയ്യതി: 25/07/2022

## പാലക്കാട് ജില്ലയിലെ ഷൊർണ്ണൂര് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂര് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-07-2022 | 23-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-07-2022 | 23-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സന്തോഷ് സി. എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി .സുജാത പി ,ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് ഫാറൂഖ് ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.അനില സി എസ് ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സരിത .പി ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.താരിഖ് എം എസ് ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജിജീഷ് ,ഓഡിറ്റർ

ശ്രീ.ഗോകുൽ സി എം ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. വിമല.വി | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ.പ്രമോദ്. കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ലീന. എം.എൽ | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീ. സക്കീർ ഹുസൈൻ.പി.ബി | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ(ഇൻ ചാർജ്ജ്) | 01-04-2019 | 04-10-2019 |
| ശ്രീ. സി.എൻ അഹമ്മദ് സജീർ | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | 05-10-2019 | 31-03-2020 |
| ശ്രീ. ചക്രാദർ ആർ | പട്ടികജാതി വികസനഓഫീസർ | 01-04-2019 | 27-11-2019 |
| ശ്രീ. മനോജ് കുമാർ. എസ് | പട്ടികജാതി വികസനഓഫീസർ | 28-11-2019 | 31-03-2020 |
| ഡോ. അശ്വതി പുരുഷോത്തമൻ | മെഡിക്കൽ ഓഫീസര്, സി.എച്ച. സി | 01-04-2019 | 31-03-2020 |
| ഡോ.ഗീത.വി | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീ.മനോജ്. പി | പ്രിൻസിപ്പാൾ, ഗവ.ഹയർ.സെക്കണ്ടറി സ്കൂൾ | 01-04-2019 | 31-03-2020 |
| ശ്രീമതി. ശ്രീജ.പി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 07-02-2020 |
| ശ്രീമതി. മീര.എ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 08-02-2020 | 31-03-2020 |
| ശ്രീ.യു.വി.പ്രസാദ് | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 03-04-2019 |
| ശ്രീമതി.ലീല. ഇ | മുനിസിപ്പൽ എഞ്ചിനീയർ | 04-04-2019 | 29-07-2019 |
| ശ്രീ. സന്തോഷ് കുമാർ എ.എസ് | മുനിസിപ്പൽ എഞ്ചിനീയർ | 30-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ. അബ്ദുൾ കരീം . കെ | സി.ഡി.എസ്.മെമ്പർ സെക്രട്ടറി | 01-04-2019 | 16-09-2019 |
| ശ്രീ.സ്വാമിനാഥൻ.എം | സി.ഡി.എസ്.മെമ്പർ സെക്രട്ടറി | 17-09-2019 | 31-03-2020 |
| ശ്രീ.അബ്ദുൾ കരീം.കെ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 06-09-2019 |
| ശ്രീ.ഗോപകുമാർ.സി | ഹെൽത്ത് ഓഫീസർ (ഇൻചാർജ്ജ്) | 07-09-2019 | 23-09-2019 |
| ശ്രീ. സെയ്തലവി മേനായിക്കോട് | ഹെൽത്ത് ഓഫീസർ | 24-09-2019 | 23-01-2020 |
| ശ്രീ. ഗോപകുമാർ.സി | ഹെൽത്ത് ഓഫീസർ (ഇൻചാർജ്ജ്) | 24-01-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: GOKUL C.M. (Auditor, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: C.S.Anila (Senior Grade Auditor, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-2 |
| 3 | വാർഷിക കണക്ക് സമർപ്പിച്ചതിൽ കാലതാമസം<br>Written By: C.S.Anila (Senior Grade Auditor, On 20-07-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 23-07-2022) | 1-2-1 |
| 4 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: GOKUL C.M. (Auditor, On 23-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 24-07-2022) | 1-2-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: C.S.Anila (Senior Grade Auditor, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി -AUEGS<br>Written By: M.S.Tharick (Senior Grade Auditor, On 21-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Saritha P (Senior Grade Auditor, On 21-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: GOKUL C.M. (Auditor, On 20-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 24-07-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-10 |
| 13 | തൊഴിൽ നികുതി ഡിമാന്റ് അപൂർണ്ണം-നികുതി ചോർച്ച<br>Written By: Jijeesh (Senior Grade Auditor, On 23-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 24-07-2022) | 1-11 |
| 14 | ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ<br>Written By: Jijeesh (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-11-1 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-11-2 |
| 16 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-11-3 |
| 17 | ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ | 1-11-4 |

| | | |
|---|---|---|
| | നികുതി ഡിമാന്റ് ചെയ്തിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 23-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 24-07-2022) | |
| 18 | റേഷൻകടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്യേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-11-5 |
| 19 | അഭിഭാഷകരിൽ നിന്നുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 23-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 23-07-2022) | 1-11-6 |
| 20 | വിനോദ നികുതി- ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയില്ല<br>Written By: Jijeesh (Senior Grade Auditor, On 23-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 23-07-2022) | 1-12 |
| 21 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-അവലോകനം<br>Written By: M.S.Tharick (Senior Grade Auditor, On 21-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-13 |
| 22 | അങ്കണവാടികളിലേക്ക് വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് അമൃതം ഫുഡ്സ് -ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല<br>Written By: M.S.Tharick (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-14 |
| 23 | ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു<br>Written By: M.S.Tharick (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-15 |
| 24 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ വാങ്ങൽ - ഉപകരണങ്ങൾ സ്ഥാപനം നിർമ്മിച്ചവയാണെന്ന് ഉറപ്പാക്കിയില്ല<br>Written By: M.S.Tharick (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-16 |
| 25 | കട്ടിൽ വിതരണം-നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: M.S.Tharick (Senior Grade Auditor, On 23-07-2022)<br>Last Updated By: M.S.Tharick (Senior Grade Auditor, On 25-07-2022) | 1-17 |
| 26 | കട്ടിൽ വിതരണം നടത്തിയ സ്ഥാപനത്തിന്റെ ബിൽ  തുകയിൽ നിന്നും നിയമാനുസൃത ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല<br>Written By: M.S.Tharick (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-17-1 |
| 27 | അഡ്വാൻസ് തുകകൾ ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Saritha P (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-18 |
| 28 | ഡെപ്പോസിറ്റ് വർക്കുകളുടെ പൂർത്തീകരണ വിവരം ലഭ്യമായില്ല<br>Written By: Saritha P (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-19 |
| 29 | എസ്.സി പരിശീലന കേന്ദ്രം- പ്രവർത്തനം ആരംഭിച്ചിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-20 |
| 30 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - മുൻവർഷങ്ങളിലെ സബ്സിഡി തുക വിതരണം ചെയ്യുന്നതിൽ കാലതാമസം<br>Written By: Saritha P (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-21 |

| | | |
|---|---|---|
| 31 | മൃഗസംരക്ഷണമേഖലിയൽ നഗരസഭാ സെക്രട്ടറി പദ്ധതി നിർവ്വഹണം നടത്തി<br>Written By: Saritha P (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-21-1 |
| 32 | നെൽകൃഷിക്ക് ഉഴവുകൂലി - ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ലഭ്യമാക്കിയില്ല<br>Written By: C.S.Anila (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-22 |
| 33 | എ ബി സി പ്രോഗ്രാം - കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല<br>Written By: C.S.Anila (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-23 |
| 34 | ടെണ്ടർ നടപടി കൂടാതെ ലാബ് റീ-ഏജന്റ്സ് വാങ്ങി<br>Written By: C.S.Anila (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-24 |
| 35 | PWD ഇലക്ട്രിക്കൽ ഡിവിഷനിലേക്ക് തുക കൈമാറിയെങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ചില്ല<br>Written By: Saritha P (Senior Grade Auditor, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-25 |
| 36 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ<br>Written By: C.S.Santhosh (Audit Officer, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-26 |
| 37 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ കരാറുകാരിൽ നിന്നും PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-27 |
| 38 | പ്രവൃത്തിയുടെ ബില്ലിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവു ചെയ്തില്ല<br>Written By: C.S.Santhosh (Audit Officer, On 23-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 24-07-2022) | 1-28 |
| 39 | എസ്.സി വിഭാഗക്കാർക്കായി നിർമ്മിച്ച വിവിധ കെട്ടിടങ്ങൾ ഉപയുക്തമാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-29 |
| 40 | മരാമത്ത് പ്രവൃത്തിയുടെ ബിൽ വർഷങ്ങൾ കഴിഞ്ഞിട്ടും ക്രമീകരിച്ചില്ല<br>Written By: C.S.Santhosh (Audit Officer, On 23-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 24-07-2022) | 1-30 |
| 41 | ബിറ്റുമിൻ വാങ്ങി നൽകുന്നതിനായി പിൻവലിച്ച തുകയിൽ ബാക്കിയുള്ള തുക സർക്കാരിലേക്ക് തിരിച്ചടച്ചില്ല<br>Written By: C.S.Santhosh (Audit Officer, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-31 |
| 42 | ചിൽഡ്രൻസ് പാർക്ക് ഫെൻസിംഗ് - എസ്.സി ഫണ്ട് വക മാറ്റി ചെലവു ചെയ്തു<br>Written By: C.S.Santhosh (Audit Officer, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-32 |
| 43 | സ്റ്റേഡിയം നിർമ്മാണം - അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുത്തതിലും പ്രവൃത്തി നിർവ്വഹണത്തിലും വ്യവസ്ഥകൾ പാലിച്ചില്ല<br>Written By: C.S.Santhosh (Audit Officer, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-33 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | പ്രവൃത്തിയുടെ ബില്ലിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവു ചെയ്തില്ല - 32156 രൂപയുടെ നഷ്ടം<br>Written By: C.S.Santhosh (Audit Officer, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 20-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 4-7 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 4-8 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 20-07-2022) | 4-9 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 25-07-2022) | 4-10 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്-വിവിധ പത്രികകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20-02-2019 ന് ചേർന്ന കൗൺസിൽ യോഗത്തിലെ തീരുമാനം നം. 1 (1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 30-3-20 ലെ തീരുമാനം നം. 1(1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 106602293.33 |
| തൻവർഷം വരവ് | 995339980.00 |
| ആകെ വരവ് | 1101942273.33 |
| ചെലവ് | 985440179.00 |
| നീക്കിയിരിപ്പ് | 116502094.33 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 1-6-2021 | 24-6-2021 | 1-10-2021 |

### 1-2-1 വാർഷിക കണക്ക് സമർപ്പിച്ചതിൽ കാലതാമസം

നിയമാനുസൃത സമയപരിധിക്കകം വാർഷിക കണക്കു സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. വാർഷിക കണക്കുകൾ നിയമാനുസൃത സമയപരിധിക്കുള്ളിൽ സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1) ലൈസൻസ്, തൊഴിൽ നികുതി, വിനോദ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) വസ്തുനികുതി (തൻവർഷം & കുടിശ്ശിക) - സഞ്ചയ ഡാറ്റ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) വാടക, ബസ് സ്റ്റാൻഡ് ഫീസ്, കംഫർട്ട് സ്റ്റേഷൻ വരവ് എന്നീയിനത്തിലുള്ള തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) പെർമിറ്റ് ഫീസ്- ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

5) ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റിലെ B7-ഷെഡ്യൂളിലെ ഡെപ്പോസിറ്റ് നീക്കിയിരിപ്പ് 16376416രൂപയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

6) അഡ്വാൻസ് രജിസ്റ്ററിൽ വർഷം തിരിച്ചുള്ള കണക്കിന്റെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ AFSലെ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവർത്തിക്കായി നൽകിയ തുകകൾ Advance To Implementing Officers എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) വാർഷിക ധനകാര്യ പത്രിക B6 ഷെഡ്യൂൾ പ്രകാരം സ്റ്റേറ്റ് ഗവൺമെന്റ് ലോൺ 32200 രൂപ തിരിച്ചടവാക്കുവാൻ ശേഷിക്കുന്നുണ്ടെങ്കിലും. വിശദാംശം ലഭ്യമല്ല.

9) Poverty Alleviation Fund - വാർഷിക ധനകാര്യ പത്രിക B2 ഷെഡ്യൂൾ പ്രകാരം 841532/-രൂ നീക്കിയിരിപ്പുണ്ട്. എന്നാൽ RP-40(b) പ്രകാരം റിക്കൺസിലിയേഷൻ ചെയ്തതിനു ശേഷം നീക്കിയിരിപ്പ്

720389/- (PNB AUEGS- 7515) രൂപയാണ്.

10) ഇൻകം & എക്സ്പെൻഡിച്ചർ I-14-ഷെഡ്യൂളിൽ വാർദ്ധക്യകാല പെൻഷൻ വരവ്, ചെലവ് തുകകൾ ഉൾപ്പെട്ടിട്ടില്ല. ട്രയൽ ബാലൻസിൽ തൻവർഷം 20139000/-രൂപ ഈ ഇനത്തിൽ വരവും ചെലവു രേഖപ്പെടുത്തിയിട്ടുണ്ട്.

11) സചിത്ര സോഫ്റ്റ് വെയർ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ഉറപ്പു വരുത്തിയിട്ടില്ല.

12) പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 31.03.2020 ൽ നഗരസഭക്ക് 13,83,70,836/- രൂപയുടെ ലയബിലിറ്റി നിലനിൽക്കുന്നുണ്ടെങ്കിലും ഈ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 91314625.53 |
| വരവ് | 278201032.00 |
| ആകെ | 369515657.53 |
| ചെലവ് | 298057852.00 |
| നീക്കിയിരിപ്പ് | 71457805.53 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 28446799.00 | 284467990.00 | 25627489.00 | 2819310.00 |
| വികസനഫണ്ട് -എസ്.സി.പി | 0 | 31391334.00 | 31391334.00 | 24557457.00 | 6833877.00 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 19908000.00 | 19908000.00 | 4130558.00 | 15777442.00 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 10380000.00 | 10380000.00 | 4747221.00 (*) | 5632779.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് | 0 | 58013000.00 | 58013000.00 | 22195368.00 | 35817632.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഗ്രാന്റ് | 0 | 11712555.00 | 11712555.00 | 2790278.00 | 8922277.00 |

(*) AFS പ്രകാരം ചെലവ് 4566939.00 രൂപയാണ്. 180282.00 രൂപ Small Scale Industries (160100212) എന്ന ഹെഡിലാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്.

കേന്ദ്രാവിഷ്കൃതം - വിവിധ സ്കീമുകൾ

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃതം- ആകെ | 47866757.00 | 56172126.00 | 104038883.00 | 59905504.00 | 44133379.00 |

വാർഷിക കണക്കിൽ ഓരോ സ്കീമിന്റേയും വരവ്, ചെലവ് എന്നിവ വേറിട്ട് കാണിക്കാത്തതിനാൽ

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിന്റെ സംക്ഷിപ്തം മാത്രമാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സംസ്ഥാനാവിഷ്കൃതം -തൊഴിലുറപ്പ് പദ്ധതി-AUEGS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി | 1720390.44 | 3874800.00 | 5595190.44 | 4874801.44 | 720389.00 |

5045844/- രൂപ തൊഴിലാളികളുടെ വേതനം ഇനത്തിൽ നൽകിയിട്ടുണ്ട്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 389 | 210621094 | 178 | 90975238 | . | 211 | 46 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 46% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 43% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെല വഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 1 | 3146000.00 | 3096000.00 | 98 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 610000.00 | 609919.00 | 100 |
| മെഡിക്കൽ ഓഫീസർ-ഗവ. ഹോസ്പിറ്റൽ | 4 | 4 | 2100184.00 | 1032500.00 | 49 |
| മെഡിക്കൽ ഓഫീ സർ-ആയുർവേദം | 2 | 2 | 1300000.00 | 1300000.00 | 100 |
| പ്രോജക്റ്റ് ഓഫീസർ-ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 16 | 12 | 18748961.00 | 14554396.00 | 78 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 2 | 7378977.00 | 3337545.00 | 45 |
| സെക്രട്ടറി | 45 | 35 | 23456515.00 | 16052272.00 | 68 |
| പ്രിൻസിപ്പൽ, GHSS | 3 | 3 | 2200000.00 | 2200000.00 | 100 |
| മുനിസിപ്പൽ എഞ്ചിനിയർ | 270 | 104 | 129724313.00 | 42585647.00 | 33 |
| പട്ടികജാതി വികസന ഓഫീസർ | 13 | 9 | 9850458.00 | 5847627.00 | 59 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഓഫീസർ | 21 | 3 | 12105686.00 | 359332.00 | 3 |
| ആകെ | 389 | 178 | 210621094.00 | 90975238.00 | 43 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി -AUEGS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി പദ്ധതി | 1720390.44 | 3874800.00 | 5595190.44 | 4874801.44 | 720389.00 |

## 1-7 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 133,680.00 | 237 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 3,310,800.00 | 439 |
| 3 | വിധവാ പെൻഷൻ | 11,841,600.00 | 1756 |
| 4 | വാർദ്ധക്യകാല പെൻഷൻ (*) | 20139000.00 | 2753 |
| 5 | വികലാംഗ പെൻഷൻ | 2,812,100.00 | 377 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2,060,400.00 | 301 |

(*) വാർദ്ധക്യ കാല പെൻഷൻ തുക ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ വരവിലും ചെലവിലും ഉൾപ്പെട്ടതായി കാണുന്നില്ല.

ട്രയൽ ബാലൻസിൽ 250601100 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഉൾപ്പെട്ട തുകയാണ് മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്.

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-07-2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7244/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2018-19 വർഷത്തിൽ വാർഷിക കണക്കുകളിൽ ചൂണ്ടി കാണിച്ചിരുന്ന അപാകങ്ങൾ തുടർ വർഷത്തിൽ ഒരു പരിധി വരെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. വാർഷിക കണക്കിൽ നിന്നും വേറിട്ടു സൂക്ഷിച്ചിരുന്ന വിവിധ അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ടെങ്കിലും വരവ്, ചെലവ് തുകകളുടെ കൃത്യത ഉറപ്പാക്കുന്ന രേഖകൾ ലഭ്യമായില്ല. വിവിധ അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകൾ റീ കൺസിൽ ചെയ്തിട്ടുണ്ട്.

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ ഉണ്ടാകാത്തതിനാൽ നഗരസഭയുടെ

സാമ്പത്തിക സ്ഥിതി ദൈനംദിന ചെലവുകൾക്കുപോലം പര്യാപ്തമല്ലാത്ത നിലയിൽ തുടരുകയാണ്.

ലൈസൻസ്, വസ്തു നികുതി ഇനങ്ങളിൽ ഓൺലൈൻ ആയി അടവാക്കുന്ന തുകകൾ നഗരസഭയുടെ അക്കൗണ്ടിൽ വരവു രേഖപ്പെടുത്താത്ത സാങ്കേതിക പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണവാനുള്ള ശ്രമം ഉണ്ടായിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2-7-19 മുതൽ 1-8-19 വരെയുള്ള തിയതികളിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2018-18, 2018-19വർഷങ്ങളിലെ കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്.

26-5-2015 മുതൽ 1-6-2015 വരെയുള്ള കാലയളവിൽ നടന്ന പെർഫോമൻസ് ഓഡിറ്റ് 2014-15 വർഷം വരെയുള്ള കണക്കുകൾ മാത്രമാണ് പരിശോധിച്ചിട്ടുള്ളത്.

1-11 തൊഴിൽ നികുതി ഡിമാന്റ് അപൂർണ്ണം-നികുതി ചോർച്ച

2019-20 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി നഗരസഭ സൂക്ഷിച്ചുവരുന്ന റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു.
അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിനും എസ്റ്റാബ്ലിഷ്മെന്റ്, കണ്ടിൻജന്റ് ചെലവുകൾ നിർവ്വഹിക്കുന്നതിനും സാമ്പത്തിക ക്ലേശം അനുഭവപ്പെടുന്ന നഗരസഭയിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ വീഴ്ചയുണ്ടായിട്ടുള്ളതായി കണ്ടെത്തി. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും കൗൺസിലിന്റേയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 5/22-7-22).
പരിശോധനയുടെ വിവരം തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-11-1 ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ

2019-20 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം തൊഴിൽ നികുതി ഇനത്തിൽ നഗരസഭയ്ക്ക് ലഭിച്ച വരുമാനം താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | തുക |
|---|---|---|
| 1 | Profession Tax - Employees | 69,90,349.00 |
| 2 | Profession Tax - Institutions/ Professionals/Traders | 300.00 |
| 3 | Profession Tax - Institutions/ Professionals/Traders (Current) | 12,35,342.00 |
| 4 | Profession Tax - Institutions/Professionals/ Traders (Arrears) | 1,33,369.00 |
| | ആകെ | 83,59,360.00 |

2019-20 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

എ) ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല

കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 257 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ 2019-20 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ അപൂർണമാണ്. നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്ററുകളിൽ സ്ഥാപനങ്ങളുടെ പേര്, ആകെ ഈടാക്കിയ തുക എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ പേരുവിവരം, അർദ്ധ വാർഷിക വരുമാനം മുതലായവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങൾ,

അടവാക്കാനുള്ള സ്ഥാപനങ്ങൾ എന്നിവയുടെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ലഭ്യമല്ല.

ബി) ഡിമാന്റ് രജിസ്റ്ററിൽ വരവുകളുടെ കൃത്യമായ വിവരം രേഖപ്പെടുത്തി ഡി .സി.ബി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 257 പ്രകാരം ഡിമാന്റ് രജിസ്റ്ററുകൾ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്. നഗരസഭയിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | വാർഡ് നം. |
|---|---|---|---|
| 1 | കാർമ്മൽ സ്കൂൾ, ഷൊർണ്ണൂർ | 2 | 6 |
| 2 | സബ് പോസ്റ്റ് മാസ്റ്റർ, കവളപ്പാറ | 1&2 | 9 |
| 3 | കേരളീയ ആയുർവേദ നിലയം | 2 | 10 |
| 4 | പെട്രോൾ ബങ്ക്, SMP ജങ്ഷൻ | 1&2 | 12 |
| 5 | വിജയ പ്രിന്റിങ് പ്രസ്സ് | 1&2 | 14 |
| 6 | കാത്തലിക്ക് സിറിയൻ ബാങ്ക് | 1 | 15 |
| 7 | സപ്ലൈകോ ലാഭം മാർക്കറ്റ് | 1&2 | 15 |
| 8 | ലക്ഷ്മി പോളിമേഴ്സ് | 1&2 | 15 |
| 9 | CAD സിറ്റി | 1&2 | 15 |
| 10 | മാവേലി സ്റ്റോർ, ഷൊർണ്ണൂർ | 2 | 16 |
| 11 | കാരുണ്യ മെഡിക്കൽ സെന്റർ | 1&2 | 17 |
| 12 | കുടുംബിനി സൂപ്പർ മാർക്കറ്റ് | 1 | 17 |
| 13 | ചുഡുവാലത്തൂർ ക്ഷീരോത്പ്പാദക സഹകരണ സംഘം | 1&2 | - |
| 14 | നിള റസിഡൻസി, ഷൊർണ്ണൂർ | 1&2 | 19 |
| 15 | അപ്സര ടൂറിസ്റ്റ് ഹോം | 2 | 19 |
| 16 | ഒറ്റപ്പാലം കൊ-ഓപ്പറേറ്റീവ് സൊസൈറ്റി | 2 | 19 |
| 17 | ന്യൂ ഓപ്പർച്ചുണിറ്റി | 2 | 31 |
| 18 | വിഷ്ണു ഫാർമസ്യൂട്ടിക്കൽസ് & നഴ്സിങ് ഹോം | 2 | 31 |
| 19 | സബ് പോസ്റ്റ് ഓഫീസ്, ഷൊർണ്ണൂർ | 1&2 | 32 |

ഈടാക്കുവാൻ വിട്ടുപോയ തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-11-3 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(10) പ്രകാരം നഗരസഭാ പ്രദേശത്തെ കരാറുകാരിൽ നിന്നും നിന്നും ഓരോ അർദ്ധ വർഷവും 1250.00 രൂപ നിരക്കിൽ തൊഴിൽ നികുതി

ഈടാക്കേണ്ടതാണ്.

ഷൊർണ്ണൂർ നഗരസഭയിലെ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ നേടി നഗരസഭയുമായി കരാർ പത്രം ചമച്ചിട്ടുള്ള താഴെ പറയുന്ന കരാറുകാരിൽ 2019-20 ഒന്നം രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | 2019-20 ൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | രവിചന്ദ്രൻ.എം. ആർ, പൈങ്കുളം, തൃശ്ശൂർ | 1 |
| 2 | എം.രാജേഷ്, പതിയത്ത് ഹൗസ്, ഷൊർണ്ണൂർ | 1 |
| 3 | മുഹമ്മദ് ബഷീർ. കെ.ടി, കളത്തിൽ തൊടി, കൊണ്ടൂർക്കര, പട്ടാമ്പി | 10 |
| 4 | സുരേഷ് കുമാർ. കെ.എസ്, കുറുകളത്തിൽ, പൈങ്കുളം | 8 |
| 5 | രാമചന്ദ്രൻ. പി.കെ, പടിഞ്ഞാറേതിൽ, ഷൊർണ്ണൂർ | 6 |
| 6 | അബ്ദുർ റസാക്ക്.ടി.ടി, തട്ടാരത്തൊടി, ഓങ്ങല്ലൂർ | 5 |
| 7 | അബ്ദുൾ സലാം, കിഴക്കേ പൊട്ടുതൊടി, വല്ലപ്പുഴ | 2 |
| 8 | രവികുമാർ. എ.ആർ, നാരങ്ങാപറമ്പിൽ, കവളപ്പാറ | 30 |
| 9 | മുഹമ്മദ് ഷിഹാബ്, പൂവത്തിങ്കൽ, പട്ടാമ്പി | 1 |
| 10 | റിനിൽ ബാബു. പി, പുഴക്കത്തൊടി, കവളപ്പാറ | 3 |
| 11 | എൻ. കുഞ്ഞിമുഹമ്മദ്, നെടിയേടത്ത്, വല്ലപ്പുഴ | 4 |
| 12 | നൗഷാദ്.പി, പൂവത്തിങ്കൽ, പട്ടാമ്പി | 1 |
| 13 | കാജാഹുസ്സൈൻ.കെ, കള്ളാടിപ്പക | 1 |
| 14 | അഹമ്മദ് കബീർ, താഴത്തേതിൽ, പള്ളം | 1 |
| 15 | പരമേശ്വരൻ.കെ, വാടാനംകുറിശ്ശി, | 2 |
| 16 | മുഹമ്മദ് അബ്ദുൾ ശുക്കൂർ, ആമയൂർ, പട്ടാമ്പി | 1 |
| 17 | എ.എം.യൂസഫ്, ജന്നത്ത് മൻസിൽ, പട്ടാമ്പി | 14 |
| 18 | വി.പി.സന്തോഷ്, കുനത്തറ | 3 |
| 19 | വി.പി.ഗോപാലകൃഷ്ണൻ, കുനത്തറ | 3 |
| 20 | ടീബൻ.ടി, വാടാനംകുറിശ്ശി | 8 |
| 21 | എ.യൂസഫ് സിദ്ദിഖ്, വല്ലപ്പുഴ | 7 |
| 22 | വി.ബി.പ്രദീപ്, വാഴയിൽ, പരുത്തിപ്ര | 8 |
| 23 | അബ്ദുൾ അസീസ്.ടി.വി, കൊണ്ടൂർക്കര | 4 |
| 24 | ഷാജിമോൻ. പി.പി, കള്ളാടിപ്പക, ഓങ്ങല്ലൂർ | 3 |
| 25 | സുബ്രമണ്യൻ.പി, കള്ളാടിപ്പക, ഓങ്ങല്ലൂർ | 3 |
| 26 | മുഹമ്മദ് അൻസാർ, വരമംഗലത്ത്, കൊണ്ടൂർക്കര | 1 |
| 27 | മുഹമ്മദ് അർഷാദ്.വി, വരമംഗലത്ത്, കൊണ്ടൂർക്കര | 1 |

| | | |
|---|---|---|
| 28 | നിയാസ്. വൈ, ജന്നത്ത് മൻസിൽ, പട്ടാമ്പി | 5 |
| 29 | അനിൽ കുമാർ.എം, മണ്ടിൽ ഹൗസ് | 4 |
| 30 | അബ്ദുൾ സലീം, വരമംഗലത്ത്, കൊണ്ടൂർക്കര | 2 |
| 31 | ഷാജഹാൻ. എം.ഐ, വെട്ടിക്കാട്ടിൽ | 3 |
| 32 | സാദത്ത്.എം.ഐ, വെട്ടിക്കാട്ടിൽ | 2 |
| 33 | കെ.പി.സൈനുദ്ദീൻ, വല്ലപ്പുഴ | 4 |
| 34 | ഒ.രമേഷ്, ഒരടിയത്ത്, ഷൊർണ്ണൂർ | 1 |
| 35 | എൻ.വി.ശശികുമാർ, പടിഞ്ഞാറേതിൽ | 3 |
| 36 | കുഞ്ഞഹമ്മദ്.വി, വരമംഗലത്ത് | 2 |
| 37 | കെ.ഹംസ, കരുവാക്കൽ, ഓങ്ങല്ലൂർ | 2 |

2019-20 വർഷത്തിൽ നഗരസഭയിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും ചട്ടപ്രകാരം ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

### 1-11-4 ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2), 3(8) എന്നിവ പ്രകാരം ആധാരമെഴുത്തുകാരും, സ്റ്റാമ്പ് വെണ്ടർമാരും തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. 2019-20 ഒന്നും രണ്ടും അർധ വർഷങ്ങളിൽ ഷൊർണ്ണൂർ സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-11-5 റേഷൻകടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്യേണ്ടതാണ്

നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം 2019-20 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019ലെ(സി.എസ്)എ.9/764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും താലൂക്ക് സപ്ലൈ ഓഫീസർ മുഖേന 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

റേഷൻകടകളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

### 1-11-6 അഭിഭാഷകരിൽ നിന്നുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം നഗരസഭാ പ്രദേശത്ത് അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകരിൽ നിന്നും ഓരോ അർദ്ധ വർഷവും 1250.00 രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം അഭിഭാഷകരിൽ നിന്നും 2019-20 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-12 വിനോദ നികുതി- ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയില്ല

01-07-2017 മുതൽ ജി.എസ്.ടി നടപ്പാക്കിയതിന്റെ പശ്ചാത്തലത്തിൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.123/2017/തസ്വഭവ തിയതി 24-06-2017 പ്രകാരം 1-7-2017 മുതൽ വിനോദ നികുതി ഈടാക്കേണ്ടതില്ല എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകിയെങ്കിലും സ.ഉ(കൈ)നം.112/2019 /ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യ തിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തു. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2019-20 വർഷം നഗരസഭയ്ക്ക് സുമ, അനുരാഗ്, ഗീത എന്നീ 3 തിയേറ്ററുകളിൽ നിന്നായി വിനോദ നികുതി ഇനത്തിൽ 2,84,009/- രൂപ വരവുണ്ട്. എന്നാൽ തീയേറ്ററുകൾ ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വിനോദ നികുതി ഈടാക്കുന്നതിന് പകരം തിയേറ്ററുകൾ ലഭ്യമാക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് വിനോദ നികുതി ഈടാക്കിയിട്ടുള്ളത്.

കോവിഡിന്റെ പശ്ചാത്തലത്തിൽ 2019-20 വർഷത്തേയും 1-4-2021 മുതൽ 31-12-2021 വരെയുള്ള കാലയളവിലേയും വിനോദ നികുതിയിൽ ഇളവ് നൽകിയതിനുശേഷം 1-1-2022 മുതൽ വിനോദ നികുതി ഈടാക്കേണ്ടതാണ്. രസീതി പരിശോധനയുടെ ഭാഗമായി 1-1-2022 മുതൽക്കുള്ള വിനോദ നികുതി ഈടാക്കി വരുന്നതും തിയറ്റർ ഉടമകൾ സമർപ്പിക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായാണെന്ന് ബോധ്യപ്പെട്ടു. ജി.എസ്.ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദ നികുതി ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6, 22-7-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.എസ്.ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദ നികുതി ഈടാക്കേണ്ടതാണ്. മുൻകാലയളവിൽ തിയറ്റർ ഉടമകൾ ഒടുക്കിയ തുകയുടെ കൃത്യത ഉറപ്പാക്കി കുറവായി തുക ഒടുക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

ഡിമാന്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

വിനോദ നികുതി രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയില്ലെന്നും ബോധ്യപ്പെട്ടു. ആയതിനാൽ രജിസ്റ്റർ പ്രകാരമുള്ള തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. രജിസ്റ്റർ കൃത്യമാക്കി പരിപാലിക്കേണ്ടതാണ്.

1-13 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-അവലോകനം

പദ്ധതി ലക്ഷ്യം

നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുക, അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുക, നഗര പ്രദേശങ്ങളിൽ വസിക്കുന്ന ദുർബല കുടുബങ്ങൾക്ക് മറ്റ് തരത്തിലെ തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരുന്നതുമായ അവസരങ്ങളിൽ തൊഴിൽ ലഭ്യമാക്കുക, നഗരങ്ങളിൽ വസിക്കുന്ന ദരിദ്ര കുടുംബങ്ങൾക്ക്

പദ്ധതിയുടെ ഭാഗമായി നിർണ്ണയിക്കപ്പെട്ട സാമൂഹിക അവകാശങ്ങൾ സംരക്ഷിക്കുക എന്നിവയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. നഗരസഭയിലെ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തികൾ

2019-20 വർഷത്തിൽ 329 വ്യക്തികൾ തൊഴിൽ കാർഡിനു വേണ്ടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 450 പേർ ആക്റ്റീവ് വർക്കർമാരായിട്ടുണ്ട്. തൻവർഷത്തെ ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തികളുടെ തരം | ചെലവ് |
|---|---|
| ഡ്രൈനേജ് വൃത്തിയാക്കൽ | 3301957.00 |
| തോടുകൾ | 1219735.00 |
| മഴക്കുഴി നിർമ്മാണം | 190320.00 |
| കനാൽ വൃത്തിയാക്കൽ | 163692.00 |
| കുളം വൃത്തിയാക്കൽ | 170140.00 |
| ആകെ ചെലവ് | 5045844.00 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) കാർഷിക പദ്ധതികൾ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തേണ്ടതാണ്

2) തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3) ആകെ ലഭിക്കുന്ന തൊഴിലവസരങ്ങളുടെ 50% വനിതകളായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4) മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വനവൽക്കരണ പ്രവൃത്തികൾ എന്നിവയ്ക്ക് പുറമെ ക്ഷീര കർഷകരെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

1-14 അങ്കണവാടികളിലേക്ക് വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് അമൃതം ഫുഡ്സ് -ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല

| നിർവ്വഹണ ഉദ്യോഗസ്ഥ- ഐ സി ഡി എസ് സൂപ്പർവൈസർ | | | |
|---|---|---|---|
| പ്രൊജക്റ്റ് നമ്പർ: 23/20 | അനുപൂരക പോഷകാഹാര പദ്ധതി | പ്രൊജക്റ്റ് നമ്പർ: 20/20 | അനുപൂരക പോഷകാഹാര പദ്ധതി |
| അടങ്കൽ | 500000.00 (എസ് സി പി) | അടങ്കൽ | 3000000.00 (ജനറൽ) |
| ചെലവ് | 500000.00 | ചെലവ് | 761070.00 |

നഗരസഭയിൽ 6 മാസം മുതൽ 3 വയസ്സ വരെയുള്ള കുട്ടികൾക്ക് അങ്കണവാടികൾ മുഖേന വിതരണം ചെയ്യുന്ന അമൃതം ഫുഡ് സപ്ലിമെന്റ് കവളപ്പാറയിലെ പൗർണ്ണമി അമൃതം ഫുഡ്സ് എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ചതിന്റെ രേഖകൾ 2019-20 വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്നും സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, സാമൂഹ്യനീതി ഡയറക്ടറുടെ നം.ഐ.സി.ഡി.എസ്/3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര

നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ ഭാരത സർക്കാരിന്റെ ചെന്നൈയിലുള്ള റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ 250 രൂപയുടെ ഡി.ഡി സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്.

അങ്കണവാടികളുടെ ടി.എച്ച്.ആർ.എസ് ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ നിശ്ചയിക്കുന്നതിനായി സാമ്പിൾ അയച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പരിശോധന റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 4/22-7-22)

## 1-15 ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്റ്റ് | 20/20-അങ്കണവാടി പോഷകഹാര പദ്ധതി |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ | 3000000.00 |
| ചെലവ് | 761070.00 |
| ബിൽ നമ്പർ | 9/20,21-10-2019,289686<br>6/20,30-08-2019,442650 |

അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ് പൗർണ്ണമി അമൃതം ഫുഡ്സ്, കവളപ്പാറ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ നിയമാനുസൃത ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | ജി.എസ്.ടി ഒഴികെയുള്ള തുക |
|---|---|---|
| 1 | 216,30-08-2019 | 128940.00 |
| 2 | 219,28-09-2019 | 145827.00 |
| 3 | 197,20-04-2019 | 61135.00 |
| 4 | 206,29-05-2019 | 108633.00 |
| 5 | 209,29-06-2019 | 18068.00 |
| 6 | 213,26-07-2019 | 137725.00 |
| ആകെ | | 600328.00 |

അക്കൗണ്ട് നമ്പർ- കാനറാ ബാങ്ക്, 2554261002390

GST IN- AAOFP8529R1ZB

സി.ജി.എസ്.ടി ആക്ട് 2017, കെ.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല.

ജി.എസ്.ടി കുറവു ചെയ്യാതിരുന്നാൽ പിഴ ഒടുക്കുവാൻ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 11/23-7-22)

## 1-16 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ വാങ്ങൽ - ഉപകരണങ്ങൾ സ്ഥാപനം നിർമ്മിച്ചവയാണെന്ന് ഉറപ്പാക്കിയില്ല

ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകൽ എന്ന പ്രോജക്റ്റ് പ്രകാരം കേരള

സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (KSIE) ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിനൽകിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 225/20-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 515777.00 (SCP) |
| ചെലവ് | 515777.00 |
| ബിൽ നമ്പർ | 1/20, തിയ്യതി-08-05-2019 |

KSIE യിൽ നിന്നും 22 തരം ഉപകരണങ്ങൾ നേരിട്ടാണ് വാങ്ങി നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നമ്പർ /തീയ്യതി | തുക |
|---|---|
| KSIE/PKD/534/18-19, തിയ്യതി-05-01-2019 | 515777.00 |
| ഇനം | എണ്ണം |
| ACCOMODATIVE FOOT WEAR | 5 |
| ANKLE EXERCISE | 1 |
| AUTISM KIT | 1 |
| COMMOD CHAIR WITH WHEEL | 4 |
| ELBOW CRUTCHES | 2 |
| ENDOSKELTEL AK PROSTHESIS | 1 |
| ENDOSKELTEL BK PROSTHESIS | 1 |
| FINGER EXCERSISER | 1 |
| HI TEC KNEECAP | 1 |
| MRKIT | 1 |
| PTB ORTHOSIS | 1 |
| Sensory Ball | 1 |
| Static Cycle | 2 |
| Tes Belt | 1 |
| Therapymat | 1 |
| Trampoline | 1 |
| Walking Stick | 1 |
| Water Bed | 1 |
| White Cane | 1 |
| Hearing Aid(moderate) | 2 |
| Hearing Aid(sivere) | 8 |
| Hearing Aid(profound) | 10 |

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ലെ ഖണ്ഡിക 7.1.4 ക്രമ നം-1 ആവശ്യമായ ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നോ ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ച്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്നോ മറ്റ് സർക്കാർ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാവുന്നതാണ്. മേൽ ഉത്തരവ് ക്രമ നം-3 പ്രകാരം ടെണ്ടർ കൂടാതെ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങാവുന്നതാണ്.

സപ്ലൈ ചെയ്ത സാധനങ്ങൾ KSIE സ്വയം നിർമ്മിച്ചവയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/20-7-22 ന് മറുപടി ലഭ്യമായില്ല.

ഭാവിയിൽ ഇത്തരം വാങ്ങൽ നടത്തുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സ്വയം ഉത്പാദിപ്പിക്കാത്ത ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നത് ഒഴിവാക്കേണ്ടതാണ്.

മേൽ വിഷയത്തിൽ വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

### 1-17 കട്ടിൽ വിതരണം-നടപടിക്രമങ്ങൾ പാലിച്ചില്ല

2017-18 വർഷത്തിൽ ആസൂത്രണം ചെയ്ത വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതി നടപ്പാക്കിയിട്ടുള്ളത് 2018-19 വർഷത്തിലാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

22-11-2017 ലാണ് ഇ-ടെണ്ടർ പരസ്യം ചെയ്തിട്ടുള്ളത്.

അടങ്കൽ- 1500000

ടെണ്ടർ സമർപ്പിച്ച രണ്ട് സ്ഥാപനങ്ങളിൽ ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് 25-01-2018 ലെ പ്രെക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്.

എഗ്രിമെന്റിൽ നമ്പർ, തിയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2018-19-ൽ (പ്രൊജക്റ്റ് നം. 273/18) വിവിധ ഇൻവോയ്സുകൾ പ്രകാരം 1291500 രൂപയുടെ കട്ടിലുകൾ രാജധാനി ഏജൻസിസിൽ നിന്നും വാങ്ങിയിട്ടുണ്ട്.

രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

### 1-17-1 കട്ടിൽ വിതരണം നടത്തിയ സ്ഥാപനത്തിന്റെ ബിൽ തുകയിൽ നിന്നും നിയമാനുസൃത ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

2019-20 വർഷത്തിൽ സ്പിൽ ഓവറായി അംഗീകരിച്ച പ്രോജക്റ്റ് പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി അതേ സ്ഥാപനത്തിൽ നിന്നുമാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് | 268/20-വൃദ്ധർക്ക് കട്ടിൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 155800 (ജനറൽ) |
| ചെലവ് | 155800 |
| ബിൽ നമ്പർ | 2/20, തിയ്യതി 8-05-2019, 45100<br>3/20, തിയ്യതി 8-05-2019, 32800<br>4/20, തിയ്യതി 8-05-2019, 36900<br>5/20, തിയ്യതി 8-05-2019, 41800 |

1) 2017 ലെ കേന്ദ്ര-സംസ്ഥാന ചരക്ക് സേവന നികുതി നിയമങ്ങളിലെ വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുകയുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% (1:1) ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കേണ്ടതാണ്. രാജധാനി ഏജൻസീസിന്റെ ബിൽ തുകയിൽ നിന്നും നിയമാനുസൃത ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 3/20-07-2022 ) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നാൽ ഉദ്യോഗസ്ഥൻ പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായിതതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ട താണ്.

ടെണ്ടർ വിളിച്ച് സാധനങ്ങൾ സപ്ലൈ ചെയ്തതിനുശേഷം വളരെക്കാലം കഴിഞ്ഞ് ടെണ്ടർ കൂടാതെ ഒരു സ്ഥാപനത്തിൽ നിന്നുതന്നെ സാധനങ്ങൾ വാങ്ങുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.

### 1-18 അഡ്വാൻസ് തുകകൾ ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

താഴെ പറയുന്ന പ്രവർത്തികൾക്കായി വിവിധ ഉദ്യോഗസ്ഥർക്ക് നൽകിയ അഡ്വാൻസ് തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നൽകിയത് | ആവശ്യം | വൗച്ചർ നം. , തീയതി | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശ്രീ. പ്രസാദ്. JHI | ഡിജിറ്റൽ മൈക്രോ മീറ്റർ വാങ്ങൽ | 51900430/17.08.19 | 8000.00 |
| 2 | ശ്രീ. പ്രസാദ്, JHI | കിണറ്റിൽ നിന്നും മാലിന്യം നീക്കം ചെയ്യൽ | 51900442/28.08.19 | 20000.00 |
| 3 | ശ്രീ. പീറ്റർ ജോസ് | വർക്കിംഗ് ഗ്രൂപ്പ് ചെലവുകൾ | 51900882/ 16.12.19 | 15000.00 |
| 4 | ശ്രീ. പീറ്റർ ജോസ് | 2020-21 ലെ പ്രോജക്ട് രൂപീകരണം | 5190056/24.02.20 | 15000.00 |
| 5 | ശ്രീമത.സുചിത്ര, JHI | കൊറോണ ബോധവത്ക്കരണം | 51901228/18.03.20 | 30000.00 |
| 6 | ശ്രീമതി.സുചിത്ര, JHI | കൊറോണ ബോധവത്ക്കരണം | 51901245/26.03.20 | 50000.00 |

തുകകൾ ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 16/22-07-2022)

1-19 ഡെപ്പോസിറ്റ് വർക്കുകളുടെ പൂർത്തീകരണ വിവരം ലഭ്യമായില്ല

വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവൃത്തികൾക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡിന് മുൻകൂർ ആയി തുക നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തികൾ നാളിതു വരെയും പൂർത്തീകരിച്ചിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡെപ്പോസിറ്റ് ചെയ്ത് നിയമാനുസൃത കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിനാണ് പ്രോജക്ടിൽ ലക്ഷ്യമിടുന്നതെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പു വരുത്തുന്നതിനായി കെ.എസ്.ഇ.ബിയുമായി എഗ്രിമെന്റ് വച്ചിട്ടില്ല. പ്രവൃത്തികളുടെയും നൽകിയ തുകകളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| വൈദ്യുതി ബോർഡ് | 395/20- വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 61/17-1-20 | 148447.00 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| | | 67/28-1-20 | 97352.00 | |
| | | 73/24-2-20 | 16494.00 | |
| | | 74/24-2-20 | 26883.00 | |
| | | 75/24-2-20 | 47373.00 | |
| | | 75/26-2-20 | 23802.00 | |
| | | 78/26-2-20 | 25457.00 | |
| | 180/20- ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 60/17-1-20 | 23286.00 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| | | 59/17-1-20 | 21443.00 | |
| | | 58/17-1-20 | 8476.00 | |

ഓഡിറ്റ് അന്വേഷണം നം. 12/22.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയും നൽകിയ തുകകൾ വിനിയോഗിച്ചതിന്റെയും വിശദവിവരങ്ങൾ അറിയിക്കേണ്ടതാണ്.

വാർഷിക കണക്കുകളിൽ ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകിയപ്പോൾ “Advance To Implementing Agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിൽ ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് നൽകിയ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ സാധിക്കാതെ വരുന്നുണ്ട്.

1-20 എസ്.സി പരിശീലന കേന്ദ്രം- പ്രവർത്തനം ആരംഭിച്ചിട്ടില്ല

നഗരസഭയിലെ രജതജൂബിലി ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിൽ പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാസമ്പന്നരായ യുവതീ യുവാക്കൾക്ക് വിവിധ മത്സര പരീക്ഷകൾക്ക് പരിശീലനം നടത്തുന്നതിന് ലക്ഷ്യമിട്ട കൊണ്ട് എസ്.സി പരിശീലന കേന്ദ്രം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പരിശീലനകേന്ദ്രത്തിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി 2 പദ്ധതികൾ 2019-20 ൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ നാളിതു വരെയും ലക്ഷ്യമിട്ടതു പോലെയുള്ള പ്രവർത്തനങ്ങൾ പരിശീലന കേന്ദ്രത്തിൽ ആരംഭിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

1. 230/20 – എസ്. സി പരിശീലനകേന്ദ്രം ഫർണീച്ചർ വാങ്ങൽ

അടങ്കൽ- 490000/- ( വികസനഫണ്ട് - എസ്. സി. പി)

ചെലവ് - 481880/-

(1. 102970-14/15.5.19, 2. 102970, 15/15.15.19, 3. 102970, 16/15.15.19, 4. 88260, 13/15.05.19, 5. 34710, 12/15.05.19, 6. 50000, 19/15.05.19)

പ്രോജക്റ്റ് പ്രകാരം മഹാഗണി മരം ഉപയോഗിച്ച നിർമ്മിച്ച 5 മേശ, റൈറ്റിംഗ് പാഡോട്ടു കൂടിയ 135 കസേരകൾ, 1 ഡിജിറ്റൽ പൊഡിയം എന്നിവ ടെണ്ടർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുക്കുകയും പരിശീലനകേന്ദ്രത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.





2. 233/20 – എസ്. സി ട്രെയിനിംഗ് സെന്റർ ഇലക്ട്രിഫിക്കേഷൻ

അടങ്കൽ-200000/-(വികസനഫണ്ട് – എസ്. സി. പി)

ചെലവ് -200000/-( ബിൽ നം 6/15.05.2019)

പാലക്കാട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലുള്ള ടെക്നിക്കൽ കമ്മിറ്റിക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുമായി കത്ത് നൽകിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ PWD ഷൊർണ്ണൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന ഡെപ്പോസിറ്റ് പ്രവർത്തിയായി പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും തുക കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെയും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല.

ഇതു സംബന്ധിച്ച് വിശദീകരണം നൽകുന്നതിനായി ഓഡിറ്റ് അന്വേഷണം നം. 13/22.07.22 പ്രകാരം അന്വേഷണം നടത്തിയതിന് സെക്രട്ടറി വിശദമായ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പരിശീലന കേന്ദ്രത്തിൽ നിലവിൽ ഫർണീച്ചർ സ്റ്റോക്ക് ചെയ്തിട്ടുണ്ടെങ്കിലും മറ്റു പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലെന്ന് മറുപടിയിൽ അറിയിച്ചു. ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം എസ്റ്റിമേറ്റ് എടുക്കുന്നതിനായി കെട്ടിട പരിശോധന നടത്തിയെങ്കിലും എസ്റ്റിമേറ്റ് ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കുടിവെള്ളം, ശുചിമുറി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 2022-23 വർഷം 585000/- രൂപയുടെ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി പദ്ധതി വിഭാവനം ചെയ്തതു പോലെയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. പരിശീലനകേന്ദ്രത്തിൽ ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.
2. സ്റ്റോക്ക് ചെയ്തിട്ടുള്ള ഫർണീച്ചർ നാശോന്മുഖമാകാതെ സൂക്ഷിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

### 1-21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - മുൻവർഷങ്ങളിലെ സബ്സിഡി തുക വിതരണം ചെയ്യുന്നതിൽ കാലതാമസം

പ്രോജക്ട് നം -55/20-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ
നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി
അടങ്കൽ- 400000/- (വികസന ഫണ്ട്-ജനറൽ)
ചെലവ് - 375533/- രൂപ (ബിൽ നം. 49/18.11.19 – 288584 രൂപ)
(ബിൽ നം. 50/18.11.19 – 86994 രൂപ)

ചുഡുവാലത്തൂർ, മുണ്ടമുക എന്നീ രണ്ട് ക്ഷീര സംഘങ്ങൾ മുഖേനയാണ് ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുള്ളത്. ആനുകൂല്യം നൽകിയ കർഷകരുടെ പാലളവ് വിവരം ലഭ്യമാക്കിയത് പരിശോധിച്ചപ്പോൾ 01.01.2018 മുതൽ 31.07.2018 വരെയാണ് സബ്സിഡി നൽകിയിരിക്കുന്നത് എന്നു കാണുന്നു.

മറ്റ് മേഖലാ വകയിരുത്തലുകൾക്ക് ശേഷം ലഭിക്കുന്ന തുക മൃഗസംരക്ഷണ മേഖലയിൽ തികയാത്തതിനാലാണ് ഇപ്രകാരം പദ്ധതി നിർവ്വഹിച്ചിരിക്കുന്നതെന്നും അതത് വർഷങ്ങളിൽ തുക നൽകുന്നതിന് സാധിക്കാത്ത സാഹചര്യമാണെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം. 16/22.07.22) മറുപടിയായി സെക്രട്ടറി അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

അതത് കാലയളിൽ തന്നെ ക്ഷീരകർഷകർക്ക് സബ്സിഡി നൽകാൻ കഴിയാത്തത് ഈ മേഖലയുടെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കും. ആയതിനാൽ ലഭ്യമായ പദ്ധതി വിഹിതം അതത് വർഷം തന്നെ കർഷകർക്ക് തുല്യമായി വിതരണം ചെയ്യുന്നതിന് ശ്രമിക്കേണ്ടതാണ്.

### 1-21-1 മൃഗസംരക്ഷണമേഖലിയൽ നഗരസഭാ സെക്രട്ടറി പദ്ധതി നിർവ്വഹണം നടത്തി

മൃഗസംരക്ഷണം/ ക്ഷീരവികസന മേഖലയിലുള്ള പദ്ധതി അതത് മേഖലകളിൽ പ്രത്യേക പരിജ്ഞാനമുള്ള നിർവ്വഹണോദ്യോഗസ്ഥർ ഉണ്ടായിട്ടും നഗരസഭാ സെക്രട്ടറിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിന് വിശദീകരണമായി നഗരസഭയിൽ ഡയറി ഡവലപ്മെന്റ് ഓഫീസർ തസ്തിക നിലവിൽ ഇല്ലെന്നും സീനിയർ വെറ്ററിനറി സർജ്ജൻ നിലവിലുണ്ടെങ്കിലും പദ്ധതി നിർവ്വഹണം നടത്താൻ താല്പര്യം കാണിക്കാത്തതിനാലാണ് സെക്രട്ടറി പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത് എന്നറിയിച്ചു.

2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണത്തിനായി നിർവ്വഹണോദ്യോഗസ്ഥനെ നിയമിക്കുന്നതിന് ജില്ലാ ക്ഷീരവികസന ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു.
പ്രത്യേക വൈദഗദ്ധ്യം ആവശ്യമായ പ്രോജക്റ്റുകൾ ആവിഷ്കരിക്കുമ്പോൾ അതാത് മേഖലയിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 നെൽകൃഷിക്ക് ഉഴവുകൂലി - ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് - 52/20, നെൽകൃഷി വികസന പദ്ധതി

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ - 3096000 (വികസനഫണ്ട് ജനറൽ)

ചെലവ് - 3096000/- (വികസനഫണ്ട് ജനറൽ)

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 14 പാടശേഖരസമിതികളുടെ കീഴിലായി രജിസ്റ്റർ ചെയ്ത കർഷകരുടെ 240 ഹെക്ടറിലെ നെൽകൃഷിക്ക് 12900/- രൂപ നിരക്കിൽ കൂലിച്ചെലവ് നൽകുകയാണ് പ്രൊജക്റ്റിന്റെ ലക്ഷ്യം. ചെലവ് രേഖകളുടെ പരിശോധനയുടെ ഭാഗമായി വെബ് സാംഖ്യയിൽ നിന്നുള്ള ബില്ലിന്റെ ക്രെഡിറ്റ് സ്റ്റാറ്റസ് പരിശോധിച്ചതിൽ പല കർഷകരുടെയും അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യപ്പെടാതെ 'Return To Govt. Account' എന്ന സ്റ്റാറ്റസാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | IFSC കോഡ് | ബാങ്ക് അക്കൗണ്ട് നം. | ബിൽ നം/ തീയതി/ തുക | തുക |
|---|---|---|---|---|---|
| 1 | ചന്ദ്രശേഖരൻ എം | SBIN00 06458 | 86560527619 | 02/19-20/ 16 .03.20/ 194145/- | 1290/- |
| 2 | ധർമ്മരാജൻ | SBIN00 00760 | 20020356013 | 03/19-20/ 16 .03.20/ 186663/- | 5547/- |
| 3 | ഹസ്സൻ | PUNB0 430200 | 4302001000 12423 | ,, | 6063/- |
| 4 | കല്യാണി | CNRB0 000719 | 0719795017534 | 04/19-20/ 16 .03.20/ 199821/- | 903/- |
| 5 | കൃഷ്ണൻകുട്ടി | UTIBOS PKD21 | 01701010003932 | 05/19-20/ 16 .03.20/ 199305/- | 1419/- |
| 6 | മൊയ്തീൻ | KLGB00 40284 | 4072037412426 | 06/19-20/ 16 .03.20/ 192855/- | 7224/- |
| 7 | മാധവി ടി | SBIN00 00760 | 300830010768 | 06/19-20/ 16.03.20/ 192855/- | 5805/- |
| 8 | മുഹമ്മദ് അലി എസ് | SBIN00 07937 | 106110009121 | 07/19-20/ 16.03.20/ 86147/- | 9288/- |
| 9 | മുരളീധരൻ | PUNB0 430200 | 4302008800 041480 | ,, | 18834/- |
| 10 | പദ്മനാഭൻ കെ | CNRB00 00719 | 07191010100 7784 | 8/19-20/ 16 .03.20/ | 2451/- |

| | | | | | |
|---|---|---|---|---|---|
| | | | | 199821/- | |
| 11 | രാധാകൃഷ്ണൻ | PUNB0 430200 | 43020088000 42256 | 9/19-20/ 16 .03.20/ 181632/- | 14557/- |
| 12 | രാധാകൃഷ്ണൻ കെ | UTIBOS PKD21 | 01706200000131 | 10/19-20/ 16 .03.20/ 186663/- | 5547/- |
| 13 | രാമകൃഷ്ണൻ | SBIN00 00760 | 10347562360 | ,, | 7353/- |
| 14 | സരസ്വതി | CNRB00 00719 | 0719108037294 | 11/19-20/ 16 .03.20/ 196467/- | 6321/- |
| 15 | ഷൈജ ടി | CNRB00 00719 | 0719795017535 | 12/19-20/ 16 .03.20/ 199821/- | 3741/- |
| 16 | ശ്രീജ ടി | SBIN00 70787 | 3116554996 | 13/19-20/ 16 .03.20/ 195951/- | 258/- |
| 17 | ഉണ്ണികൃഷ്ണൻ പി | UTIBOS PKD21 | 01701010006230 | 15/19-20/ 16 .03.20/ 195435/- | 3354/- |
| 18 | ഗംഗാധരൻ | PUNB04 30200 | 4302001700 016390 | 16/19-20/ 16 .03.20/ 192597/- | 2193/- |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് ഉഴവുകൂലിയിനത്തിൽ അർഹതപ്പെട്ട തുക ലഭ്യമാകാതെ Return To Govt. എന്ന് സാംഖ്യയിൽ സ്റ്റാറ്റസ് കാണുന്നതിനുള്ള കാരണം, തുക പിന്നീട് ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, അല്ലാത്തപക്ഷം തുക ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം (നം.8/22.07.22) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ധനസഹായത്തിന് അർഹതയുള്ള ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാത്തത് മോണിറ്ററിംഗിന്റെയും പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അനന്തര നടപടികളുടെയും അഭാവമായി കരുതുന്നു.

ഓഡിറ്റ് നിർദേശം

ബിൽ പ്രകാരം ചെലവായ തുക ഗുണഭോക്താക്കൾക്ക് ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക നിലവിൽ ഏത് ഹെഡിലാണുള്ളതെന്ന വിവരം ട്രഷറിയുമായി ബന്ധപ്പെട്ട് വ്യക്തമാക്കി തുക ഗുണഭോക്താവിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നടപ്പിലാക്കുന്ന പദ്ധതികൾ നിർവഹണ ഉദ്യോഗസ്ഥൻ ഓരോ ഘട്ടത്തിലും മോണിറ്ററിംഗ് നടത്തേണ്ടതും ഗുണഭോക്താവിന് അർഹതപ്പെട്ട തുക ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. തുടർനടപടികളുടെ വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-23 എ ബി സി പ്രോഗ്രാം - കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് - 15/20 – എ ബി സി പ്രോഗ്രാം

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ - 500000 (വികസന ഫണ്ട് -ജനറൽ)

ചെലവ് - 500000/- (ബിൽ നം. 01/19-08-2019)

പാലക്കാട് ജില്ലാപഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും നഗരസഭകളും സംയുക്തമായി 2015-16 വർഷം മുതൽ ജില്ലയിൽ ABC പ്രോഗ്രാം നടപ്പാക്കി വരുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഡെപ്യൂട്ടി ഡയറക്ടർ(മൃഗസംരക്ഷണം) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന എ.ബി.സി പ്രോഗ്രാമിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

- തെരുവ് നായ്ക്കളുടെ വംശ വർദ്ധനവ് നിയന്ത്രിക്കുക.
- പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുക.
- ജന്തുജന്യരോഗം നിയന്ത്രണവിധേയമാക്കുക.
- ജനങ്ങൾക്ക് സ്വൈര്യ സഞ്ചാരം സാധ്യമാക്കുക.
- റോഡ് അപകടങ്ങൾ കുറയ്ക്കുക.
- ഓരോ യൂണിറ്റും പ്രതിമാസം കുറഞ്ഞത് 200 ശസ്ത്രക്രിയ നടത്തണം.

മേൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നായ്ക്കളെ കണ്ടെത്തി പിടിക്കുക, വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുക, പരിപാലന കാലയളവിനുശേഷം തിരികെ അതാത് സ്ഥലങ്ങളിൽ കൊണ്ടു വിടുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും വിവിധ കേന്ദ്രങ്ങളിൽ നടന്നുവരുന്നത്. തൻവർഷം എ.ബി.സി പ്രോഗ്രാമിനായി 500000 രൂപ നഗരസഭാ വിഹിതമായി ജില്ലാ പഞ്ചായത്തിലേക്ക് (അക്കൗണ്ട് നം. 79901140002200) കൈമാറിയിട്ടുണ്ട്. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് ശരാശരി 1500/- രൂപയാണ് പ്രോജക്ടു പ്രകാരം ചെലവ് നിശ്ചയിച്ചിരിക്കുന്നത്. കൈമാറിയ വിഹിതം ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നഗരസഭാ പ്രദേശത്ത് നടന്നിട്ടുണ്ടോ എന്നതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് അന്വേഷണം നം. 9/22.07.2022 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. എ.ബി.സി പ്രോഗ്രാം അനുസരിച്ചുള്ള ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.
2. ജില്ലാ പഞ്ചായത്തിനു നൽകിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.
3. വിനിയോഗിക്കാത്തപക്ഷം തുക തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-24 ടെണ്ടർ നടപടി കൂടാതെ ലാബ് റീ-ഏജന്റ്സ് വാങ്ങി

പ്രൊജക്ട് - 131/20, ഗവൺമെന്റ് ആശുപത്രി ലാബിലേക്ക് റീ ഏജന്റ്സ് വാങ്ങൽ

അടങ്കൽ - 500000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് - 106271/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (സി എച്ച് സി)

സ.ഉ(കൈ) നം. 22/2018/14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.7 പ്രകാരം വാങ്ങലുകൾക്ക് സ.ഉ(പി) നം. 259/2010/തസ്വഭവ തീയതി 8.11.10 ലെ നിബന്ധനകൾ ബാധകമാക്കിയിട്ടുണ്ട്.

മേൽ പ്രൊജക്റ്റ് പ്രകാരം ആശുപത്രി ലാബിലേക്ക് ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വിവിധ സ്ഥാപനങ്ങളിൽ നിന്നും ലാബ് റീ ഏജന്റ്സ് വാങ്ങിയതായി കണ്ടത്തി. വിശദാംശം താഴെ ചേർക്കുന്നു.

| സ്ഥാപനം | ഇൻവോയ്സ് നം/ തീയതി | തുക |
|---|---|---|
| എ ബി സി ഡയഗണോ സ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം | B2C/02947/19-20/ 14.01.20 | 31257.00 |
| റാപ്പിഡ് ഡയഗണോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി | RD/81/19-20/ 07.05.19 | 6499.00 |
| ലാബ് ലിങ്ക്സ്, പൂത്തോൾ | LNK 082/10.05.19 | 2016.00 |
| ഭാരത് ഡിസ്ട്രിബ്യൂട്ടേഴ്സ്, | BDC0347/29.06.19 | 2823.00 |

| | | |
|---|---|---|
| മുളങ്കുന്നത്തുകാവ് | | |
| ലാബ് ലിങ്ക്സ്, പൂത്തോൾ | LNK 194/25.06.19 | 4032.00 |
| റാപ്പിഡ് ഡയഗണോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി | RD/356/19-20 /10.07.19 | 12999.00 |
| ലാബ് ലിങ്ക്സ്, പൂത്തോൾ | LNK 310/05.08.19 | 4068.00 |
| റാപ്പിഡ് ഡയഗണോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി | RD/477/19-20 /08.08.19 | 16495.00 |
| റാപ്പിഡ് ഡയഗണോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി | RD/8254/19-20 /07.09.19 | 2900.00 |
| ഭാരത് ഡിസ്ട്രിബ്യൂട്ടേഴ്സ്, മുളങ്കുന്നത്തുകാവ് | BDC0634/09.09.19 | 357.00 |
| ലാബ് ലിങ്ക്സ്, പൂത്തോൾ | LNK 444/01.10.1910170 | 10170.00 |
| റാപ്പിഡ് ഡയഗണോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി | RD/10805/19-20 /23.10.19 | 8700.00 |
| ഭാരത് ഡിസ്ട്രിബ്യൂട്ടേഴ്സ്, മുളങ്കുന്നത്തുകാവ് | BDC0827/28.10.19 | 3955.00 |
| ആകെ | | 106271.00 |

ഒരു ലക്ഷം രൂപയിൽ അധികരിച്ചുള്ള വാങ്ങലിന് ഓപ്പൺ ടെണ്ടർ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. വ്യത്യസ്ഥ കാലയളവിലേക്ക് ആവശ്യമുള്ള സാധനങ്ങൾ റണ്ണിംഗ് കോൺട്രാക്റ്റ് രീതിൽ വാങ്ങുന്നതിനുള്ള സാധ്യതയും പരിശോധിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് പാലിക്കാതെ വാങ്ങൽ നടപടികൾ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.18/23.07.22) മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ ഉത്തരവുകൾ പാലിച്ചും സുതാര്യത ഉറപ്പുവരുത്തിയും വാങ്ങൽ നടത്തേണ്ടതാണ്.

## 1-25 PWD ഇലക്ട്രിക്കൽ ഡിവിഷനിലേക്ക് തുക കൈമാറിയെങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

താഴെ പറയുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ PWD ഷൊർണ്ണൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നതിനായി തുക കൈമാറിയിട്ടുണ്ട്.

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

| പ്രോജക്ട് നം, പേര് | അടങ്കൽ തുക | ബിൽ നം, തീയതി |
|---|---|---|
| 236/20, പബ്ലിക് അമിനിറ്റി സെന്റർ വയറിംഗ് | 700000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 25/22.06.19 |
| 228/20, അംഗൻവാടി വയറിംഗ് | 200000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 5/15.05.19 |
| 231/20, വയോജന പാർക്ക് ഇലക്ട്രിഫി ക്കേഷൻ ലൈറ്റ് | 200000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 24/22.06.19 |

പാലക്കാട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലുള്ള ടെക്നിക്കൽ കമ്മിറ്റിയെ ആണ്പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമാക്കി പ്രവർത്തി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിരുന്നതെങ്കിലും സമയബന്ധിതമായി എസ്റ്റിമേറ്റ് നൽകാത്തതിനാൽ ഈ പ്രവൃത്തികൾ PWD മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും തുക ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു.

ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയോ പ്രവർത്തി നടപ്പിലാക്കുന്ന ഏജൻസിയുമായി കരാറിൽ ഏർപ്പെടുകയോ ചെയ്യാതെ പ്രവർത്തിക്കായുള്ള അടങ്കൽ തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്. തുക കൈമാറി 3 വർഷം കഴിഞ്ഞിട്ടും പ്രവൃത്തികൾ പൂർത്തിയായിട്ടില്ല.

പ്രവൃത്തി പൂർത്തീകരണം ഉറപ്പാക്കാത്തപക്ഷം തുക തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 14/22.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-26 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ

എ. ചെലവിന്റെ വിവരം

മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 270 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 104 പ്രവൃത്തികൾക്കുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 12.97 കോടി രൂപയിൽ 4.26 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 33% മാത്രമാണ് തൻവർഷത്തെ ചെലവ്.

167 പ്രോജക്ടുകൾ സ്പിൽ ഓവറായി അടുത്ത വർഷത്തെ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. പല കരാറുകാരും സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാതിരിക്കുന്നതും ഫണ്ട് വിനിയോഗത്തെ ബാധിച്ചിട്ടുണ്ട്. PWD മാന്വൽ പ്രകാരം പരമാവധി 50% വരെയുള്ള കാലയളവാണ് പൂർത്തീകരണത്തിനായി ദീർഘിപ്പിച്ചു നൽകാവുന്നതെങ്കിലും വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ട്രഷറിയിൽ സമർപ്പിക്കപ്പെട്ട അനേകം ബില്ലുകൾ ക്യൂ വിൽ ആവുകയും തൻവർഷത്തെ അലോട്ട്മെന്റിൽ നിന്നും തുക മാറുവാൻ സാധിക്കാതെ വരികയും ബില്ലുകളെല്ലാം സ്പിൽ ഓവറാക്കേണ്ടിവന്ന സാഹചര്യമുണ്ടാവുകയും ചെയ്തിട്ടുണ്ട്.

ബി. രേഖകളുടെ സൂക്ഷിപ്പ്

1. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ PWD മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കുന്നുണ്ടെങ്കിലും കരാർ കാലാവധി തീരുന്നതിനുമുമ്പുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്.

2. കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വച്ച് പുതുക്കിയ മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ല.

3. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

4. സചിത്ര സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തു വാനും സാധിച്ചിട്ടില്ല.

5. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

6. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

സി. ആസ്തി സംരക്ഷണ പദ്ധതി

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി

തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലിയരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമല്ല.

ഓഡിറ്റ് നിർദ്ദേശം

1. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
5. മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
6. ആസ്തി സംരക്ഷണ പദ്ധതി രൂപീകരിച്ച മാത്രം മെയ്ന്റനൻസ് ഫണ്ട് ചെലവഴിക്കേണ്ടതാണ്.

   മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 17(1)/22-7-22 ന് മറുപടി ലഭ്യമായില്ല.

### 1-27 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാറുകാരൻ നൽകുന്ന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ, നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനിയറുടെ ശുപാർശ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരനിൽ നിന്നും പി.എ.സി യുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേ | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | ണ്ടിയി രുന്ന തിയതി | | | | |
| 1 | 265/17, 274/20-വനിതാ വ്യവസായ ഉൽപ്പന്ന വിപണന കേന്ദ്രം<br>അടങ്കൽ - 2025000 (SCP)<br>PAC- 2024777/-<br>കരാറുകാരൻ - ശ്രീ.വി.പി.ഗോപാലകൃഷ്ണൻ<br>എഗ്രിമെന്റ് നം.:50/21-11-2017<br>അളവു പുസ്തകം - 588/18-19, 679/18-19<br>ചെലവ് - 1583183/-<br>ബിൽ നം.12/26-4-2019 | 31-3-2018 | 25-2-2019 | 0 | 60743/-<br>(3%) | 60743/- |
| 2 | 288/20-SMP ജംഗ്ഷൻ റെയിൽവേ സ്റ്റേഷൻ റോഡിൽ നടപ്പാത, ഡ്രൈൻ അറ്റകുറ്റപ്പണി<br>അടങ്കൽ - 15 ലക്ഷം (CFC)<br>PAC- 1498132/-<br>കരാറുകാരൻ - ശ്രീ.അബ്ദുള്ളക്കുട്ടി.എം.എം<br>എഗ്രിമെന്റ് നം.:125/21-12-2017<br>അളവു പുസ്തകം - 688/18-19 ,<br>ചെലവ് - 1476333/-<br>ബിൽ നം.33/12-7-2019 | 20-3-2018 | 28-3-2019 | 0 | 44943/-<br>(3%) | 44943/- |
| 3 | 289/20-പൊതുവാൾ ജംഗ്ഷൻ -ഗവ.ആശുപത്രി ജംഗ്ഷൻ റോഡിൽ നടപ്പാത, ഡ്രൈൻ അറ്റകുറ്റപ്പണി ഡ്രൈൻ അറ്റകുറ്റപ്പണി<br>അടങ്കൽ - 10 ലക്ഷം (CFC)<br>PAC- 991536/-<br>കരാറുകാരൻ - ശ്രീ.അബ്ദുള്ളക്കുട്ടി.എം.എം<br>എഗ്രിമെന്റ് നം.:126/21-12-2017<br>അളവു പുസ്തകം - 701/18-19<br>ചെലവ് - 952278/-<br>ബിൽ നം.34/12-7-2019 | 20-3-2018 | 23-3-2019 | 0 | 29746/-<br>(3%) | 29746/- |
| | ആകെ | | | | | 135432/- |

കാലാവധി ദീർഘിപ്പിച്ച നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഈടാക്കുവാൻ വിട്ടുപോയ തുക കരാറുകാരിൽ നിന്നും ഈടാക്കി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 17(2)/22-7-22 & 19/23-7-22 ന് മറുപടി ലഭ്യമായില്ല.

## 1-28 പ്രവൃത്തിയുടെ ബില്ലിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവു ചെയ്തില്ല

341/18, 334/19-ഗവ.ആശുപത്രി കെട്ടിടം മെയ്ന്റനൻസ്

അടങ്കൽ - 1000000/- (MG-Road)

കരാറുകാരൻ - ശ്രീ.എൻ.വി.ശശികുമാർ

എഗ്രിമെന്റ് നം.:131/26-12-2017

അളവു പുസ്തകം - 503, 546/17-18

ചെലവ് - 643132/-

അവസാന ബിൽ നം.2/26-4-2019

കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്യുകയും 5% കുറവ് നിരക്കിൽ പ്രവൃത്തി ഉറപ്പിച്ചു നൽകുകയും ചെയ്തുവെങ്കിലും അവസാന ബിൽ അനുവദിച്ച സമയത്ത് ടെണ്ടർ വ്യതിയാനം കുറവു ചെയ്യാതിരുന്നതിനാൽ താഴെ പറയും പ്രകാരം അധിക തുക കരാറുകാരന് നൽകിയിട്ടുണ്ട്.

കുറവു ചെയ്യേണ്ടിയിരുന്ന തുക – 1643132 * 5/100 = 32156/- രൂപ
(വിശദാംശങ്ങൾ ല. 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നം. 17(3)/22-7-22 ന് മറുപടി ലഭ്യമായില്ല.

## 1-29 എസ്.സി വിഭാഗക്കാർക്കായി നിർമ്മിച്ച വിവിധ കെട്ടിടങ്ങൾ ഉപയുക്തമാക്കിയില്ല

2019-20 വർഷത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് രണ്ടു കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

1. 265/17, 274/20- വനിതാ വ്യവസായ ഉൽപ്പന്ന വിപണന കേന്ദ്രം

അടങ്കൽ - 2025000/- (SCP)

PAC- 2024777/-

കരാറുകാരൻ - ശ്രീ.വി.പി.ഗോപാലൻ

എഗ്രിമെന്റ് നം.:50/21-11-2017

അളവു പുസ്തകം - 588/18-19, 679/18-19

ചെലവ് - 1583183/-

ബിൽ നം.12/26-4-2019

കുളപ്പുള്ളി ഹെൽത്ത് സെന്ററിലെ വനിതാ വ്യവസായ സമുച്ചയത്തിനു മുകളിലാണ് ഉൽപ്പന്ന വിപണന കേന്ദ്രം നിർമ്മിച്ചിട്ടുള്ളത്. കെട്ടിടം എസ്.സി വനിതകളുടെ ഉൽപ്പന്ന വിപണനത്തിനായി ഉപയോഗിക്കുന്നുണ്ടോ എന്നും കെട്ടിടം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനായി ഏതെങ്കിലും നിയമാവലി രൂപീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. കെട്ടിടത്തിന്റെ വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. 293/20-എസ്.സി ട്രെയ്നിംഗ് സെന്റർ

അടങ്കൽ - 3067500/- (SCP)

കരാറുകാരൻ - ശ്രീ.അബ്ദുൾ സലാം.കെ.പി

എഗ്രിമെന്റ് നം.:142/19-1-2018

അളവു പുസ്തകം - 492/17-18, 654/18-19

ചെലവ് - 2541622/-

അവസാന ബിൽ നം.18/26-4-2019

ഷൊർണ്ണൂർ ബസ് സ്റ്റാന്റിനു മുകളിലാണ് ട്രെയ്നിംഗ് സെന്റർ നിർമ്മിച്ചിട്ടുള്ളത്.

കെട്ടിടം എസ്.സി വിഭാഗക്കാരുടെ ട്രെയ്നിംഗിനായി നിലവിൽ ഉപയോഗിക്കുന്നുണ്ടോ എന്നും കെട്ടിടം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനായി ഏതെങ്കിലും നിയമാവലി രൂപീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുന്ന രേഖകളില്ല. കെട്ടിടത്തിന്റെ മൂല്യം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
കെട്ടിടങ്ങൾ അതാത് ആവശ്യങ്ങൾക്കായി ഉപയുക്തമാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 17(4)/22-7-22 ന് മറുപടി ലഭ്യമായില്ല.

## 1-30 മരാമത്ത് പ്രവൃത്തിയുടെ ബിൽ വർഷങ്ങൾ കഴിഞ്ഞിട്ടും ക്രമീകരിച്ചില്ല

36/19-മുതലിയാർ സ്ട്രീറ്റ് തെക്കേവരി വടക്കേവരി റോഡ് റീ കോൺക്രീറ്റ്, ഡ്രെയ്ൻ, കവറിംഗ് സ്ലാബ്

അടങ്കൽ - 9 ലക്ഷം(General - 7 + MG-Road - 2)

കരാറുകാരൻ - ശ്രീ.അബ്ദുൾ അസീസ്.ടി.വി

എഗ്രിമെന്റ് നം.:54/17-1-2019

അളവു പുസ്തകം - 670/18-19

ചെലവ് - 342338/-

പാർട്ട് ബിൽ നം. 3/26-4-2019

കരാർ പ്രകാരം ആറു മാസത്തിനകം പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിയുടെ തുടർ പ്രവൃത്തികൾ നടത്തിയതിന്റേയോ പാർട്ട് ബിൽ നാളിതുവരെ ക്രമീകരിച്ചതിന്റെയോ വിശദാംശങ്ങൾ കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.
പ്രവൃത്തിയുടെ ബിൽ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 17(5)/22-7-22 ന് മറുപടി ലഭ്യമായില്ല.

## 1-31 ബിറ്റുമിൻ വാങ്ങി നൽകുന്നതിനായി പിൻവലിച്ച തുകയിൽ ബാക്കിയുള്ള തുക സർക്കാരിലേക്ക് തിരിച്ചടച്ചില്ല

2018-19 വർഷത്തിൽ രണ്ട് പ്രോജക്ടുകൾ പ്രകാരം ട്രഷറിയിൽ നിന്ന് പിൻവലിച്ച 2148991/- രൂപയും 40 റോഡ് പ്രവൃത്തികൾക്കായി വകയിരുത്തിയ തുകയിൽ നിന്നും പിൻവലിച്ച 6628612/- രൂപയും ഉൾപ്പെടെ 8777603/- രൂപ മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് മാറ്റിയിരുന്നു. സാങ്കേതിക പ്രശ്നങ്ങൾ മൂലം ഈ അക്കൗണ്ടിൽ നിന്നും ആദ്യ ഘട്ടത്തിൽ 2380085/- രൂപയാണ് ടാർ വാങ്ങുന്നതിനായി പിൻവലിച്ചത്. എം.ഇ യുടെ എസ്.ബി.ഐ അക്കൗണ്ടിൽ നിന്നും മുനിസിപ്പൽ ഫണ്ടിൽ നിന്നും തുക പിൻവലിച്ച് സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. ആകെ 7643966/- രൂപയാണ് സിഡ്കോയ്ക്ക് നൽകിയത്.

വി.ജി-30, RS-1, SS-1 എന്നീ ഇനം ടാറുകൾ ലഭ്യമാക്കുന്നതിനായി സിഡ്കോയ്ക്ക് കൈമാറിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| തുക അനുവദിച്ച അക്കൗണ്ട് | തുക | കുറിപ്പ് |
|---|---|---|
| ME യുടെ ട്രഷറി അക്കൗണ്ടിൽ നിന്നും | 1999897/- | |
| | 380188/- | |
| ME യുടെ SBT യിലുള്ള അക്കൗണ്ടിൽ നിന്നും | 1999900/- | 3499900 രൂപ എം.ഇ യുടെ ട്രഷറി അക്കൗണ്ടിൽ നിന്നും ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനു പകരം 1999900രൂപ മാത്രം മാറ്റുകയും ബാക്കി 1500000 തനത് ഫണ്ടിലേക്ക് |
| | 1500000/- | |

| | | |
|---|---|---|
| | | മാറ്റുകയും ചെയ്തു. മാറ്റി. തനത് ഫണ്ടിൽ നിന്നുള്ള 1763981 രൂപ തനത് ഫണ്ടിലേക്കു തന്നെ മാറ്റിയിട്ടുണ്ട്. |
| തനത് ഫണ്ടിൽ നിന്നും | 1763981/- | |
| ആകെ | 7643966/- | |

ടാർ വാങ്ങുന്നതിനായി പിൻവലിച്ച തുകയിൽ 1133637 രൂപ സർക്കാരിലേക്ക് തിരിച്ചടയ്ക്കുവാനുണ്ട്.

വിവിധ അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുകയുടെ വിവരം

എം.ഇ യുടെ ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പ് - 635310/-

എം.ഇ യുടെ ട്രഷറി അക്കൗണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് മാറ്റിയ തുക – 1500000/-

എം.ഇ യുടെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് - 249664/-

ആകെ നീക്കിയിരിപ്പ് - 2384974 രൂപ

ഓഡിറ്റ് നിർദ്ദേശം

1. തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള എം.ഇ യുടെ ഫണ്ട് 1500000 രൂപയിൽ നിന്നും 1133637 രൂപ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.
2. തനത് ഫണ്ടിൽ അവശേഷിക്കുന്ന 366363 രൂപ എം.ഇ യുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.
3. എം.ഇ യുടെ ട്രഷറി, ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുകകളിൽ ടെണ്ടർ ഫോറം ഇനത്തിലുള്ള വരവ് കണക്കാക്കി ആയത് മുനിസിപ്പൽ ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 17(7)/22-7-22 ന് മറുപടി ലഭ്യമായില്ല.

## 1-32 ചിൽഡ്രൻസ് പാർക്ക് ഫെൻസിംഗ് - എസ്.സി ഫണ്ട് വക മാറ്റി ചെലവു ചെയ്തു

402/19-SC ചിൽഡ്രൻസ് പാർക്ക് ഫെൻസിംഗ്

അടങ്കൽ - 89900/- (SCP)

കരാറുകാരൻ - ശ്രീ.കെ.എസ്. സുരേഷ് കുമാർ

എഗ്രിമെന്റ് നം.:180/18-4-2018

അളവു പുസ്തകം - 663/18-19

ചെലവ് - 89166/-

ബിൽ നം. 15/26-4-2019

ഭാരതപ്പുഴയുടെ തീരത്ത് കുട്ടികളുടെ പാർക്കിന് സ്റ്റെയിൻലെസ് സ്റ്റീൽ ഉപയോഗിച്ച് ഫെൻസിംഗ് നടത്തുന്നതിനായി ഉപയോഗിച്ചിട്ടുള്ളത് എസ്.സി ഫണ്ടാണ്. എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പ്രയോജനപ്പെടുന്ന പാർക്കിനായി എസ്.സി ഫണ്ട് വകയിരുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. പ്രവൃത്തിയുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഫയലിൽ സൂക്ഷിച്ചിട്ടില്ല.
എസ്.സി ഫണ്ട് വക മാറ്റി ചെലവഴിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 17(6)/22-7-22 ന് മറുപടി ലഭ്യമായില്ല.

## 1-33 സ്റ്റേഡിയം നിർമ്മാണം - അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുത്തതിലും പ്രവൃത്തി നിർവ്വഹണത്തിലും വ്യവസ്ഥകൾ പാലിച്ചില്ല

മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണത്തിനായി ആവിഷ്കരിച്ച രണ്ട് പ്രോജക്റ്റുകൾ പ്രകാരം സ്റ്റേഡിയം, ഷെഡ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയായ SILK എന്ന സ്ഥാപനം നേരിട്ടാണ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത്. പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

1. 137/18, 330/19, 261/20- മുനിസിപ്പൽ സ്റ്റേഡിയം

അടങ്കൽ - 1050000 (സി.എഫ്.സി)

നിർവ്വഹണ ഏജൻസി - SILK

പ്രൊജക്റ്റ് പ്രകാരം നേരിട്ട് പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ SILK നെ ഏൽപ്പിച്ചിട്ടുണ്ട്.
എഗ്രിമെന്റ് നം. 174/18 തിയതി 17-3-2018
അളവു പുസ്തകം നം. - 586
ചെലവ് - 1050000/-
മുൻകൂറായി 217000 രൂപ അനുവദിച്ചിട്ടുണ്ട്. (201/17-18/25-3-2018)
തൻവർഷത്തെ ചെലവ് - 840000 രൂപ
ബിൽ നം. 27/20-6-19

2. 339/18, 332/19, 261/20- മുനിസിപ്പൽ സ്റ്റേഡിയം ഷെഡ്

അടങ്കൽ - 1093057 (സി.എഫ്.സി)
നിർവ്വഹണ ഏജൻസി - SILK
പ്രൊജക്റ്റ് പ്രകാരം നേരിട്ട് പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ SILK നെ ഏൽപ്പിച്ചിട്ടുണ്ട്.
എഗ്രിമെന്റ് നം. 178/18 തിയതി 17-3-2018.
അളവു പുസ്തകം നം. - 587
ചെലവ് - 1093057/-
മുൻകൂറായി 218611 രൂപ അനുവദിച്ചിട്ടുണ്ട്. (203/17-18/25-3-2018)
തൻവർഷത്തെ ചെലവ് - 874446 രൂപ
ബിൽ നം. 32/20-6-19

ബിൽ തുക കൂടാതെ SILK ന് 8% PMC ആയി 96309 രൂപയും ആയതിന്റെ ജി.എസ്.ടി ആയി 117335 രൂപയും അനുവദിച്ചിട്ടുണ്ട്.

17-10-2018 നാണ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്.

അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കുമ്പോൾ താഴെ പറയുന്ന വ്യവസ്ഥകളാണ് പാലിക്കേണ്ടിയിരുന്നതെങ്കിലും വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

ജി.ഒ(പി)നം.311/2014/ഫിൻ തിയതി 30-7-2014 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

ജി.ഒ(പി)നം.95/2017/ഫിൻ തിയതി 25-7-2017 പ്രകാരം അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കുന്നതിനുള്ള പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അക്രഡിറ്റഡ് ഏജൻസിയെ പി.എം.സി ആയി തെരഞ്ഞെടുക്കുന്നതിനു മുമ്പ് സാങ്കേതിക ആവശ്യകതകൾ, സെന്റേജ് ചാർജ്ജ് മുതലായവ അടിസ്ഥാനമാക്കി മത്സരാധിഷ്ഠിത ബിഡിംഗ് സ്വീകരിക്കേണ്ടതാണ്. അപ്രകാരം പി.എം.സി ആയി തെരഞ്ഞെടുക്കുന്ന സ്ഥാപനം സുതാര്യമായ ബിഡിംഗ് നടപടികൾ സ്വീകരിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. ചെലവു കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിക്കുന്ന കോസ്റ്റ്ഫോർഡ്, നിർമ്മിതി കേന്ദ്രങ്ങൾ, ഹാബിറ്റാറ്റ് എന്നിവയെ നേരിട്ട് പ്രവൃത്തി ഏൽപ്പിക്കാവുന്നതാണ്. ബിഡിംഗ് നടത്താതെ ഏജൻസി നേരിട്ട് പ്രവൃത്തി നിർവ്വഹിക്കുമ്പോൾ കരാറുകാരന്റെ ലാഭവിഹിതം അനുവദനീയമല്ല. സ.ഉ(പി)നം.122/2017/ഫിൻ തിയതി 18-9-2019 പ്രകാരം SILK (Steel Industrials Kerala Limited) എന്ന സ്ഥാപനം അക്രഡിറ്റേഷൻ എടുത്തിട്ടുള്ളത് PMC (Project Management Consultant) ആയാണ്. ഈ സ്ഥാപനത്തിന് നേരിട്ട് പ്രവൃത്തി നിർവ്വഹിക്കാവുന്നതല്ല.

മേൽ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1. ബിഡിംഗ് കൂടാതെ അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുത്തതിനാൽ പി.എം.സി ചാർജ്ജ് ഇനത്തിൽ ലഭ്യമാകുമായിരുന്ന ലാഭം ഇല്ലാതായി. സ്ഥാപനത്തിന് പരമാവധി തുകയായ 8% ആണ്

സെന്റേജ് ചാർജ്ജ് ആയി അനുവദിച്ചിട്ടുള്ളത്.

2. പി.എം.സി ആയി അക്രഡിറ്റേഷൻ എടുത്ത സ്ഥാപനം നേരിട്ട് പ്രവൃത്തി നിർവ്വഹിക്കുവാൻ പാടുള്ളതല്ലെന്ന വ്യവസ്ഥ പാലിക്കാതെ സ്ഥാപനം നേരിട്ടാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്.

3. ഒരേ കാലയളവിൽ ഒരേ ഫണ്ട് വകയിരുത്തി സ്റ്റേഡിയം നിർമ്മാണത്തിനായി രണ്ട് പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

4. സ്വന്തമായി എഞ്ചിനിയറിംഗ് വിഭാഗം ഉണ്ടായിട്ടും പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിച്ചതിന്റെ കാരണം വ്യക്തമല്ല.

അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ അതാത് കാലത്ത് ബാധകമായ മാർഗ്ഗരേഖകൾ പാലിക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 17(8)/22-7-22 ന് മറുപടി ലഭ്യമായില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവൃത്തിയുടെ ബില്ലിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവു ചെയ്തില്ല - 32156 രൂപയുടെ നഷ്ടം

341/18, 334/19-ഗവ.ആശുപത്രി കെട്ടിടം മെയ്ന്റനൻസ്

അടങ്കൽ - 1000000 (MG-Road)

കരാറുകാരൻ - ശ്രീ.എൻ.വി.ശശികുമാർ

എഗ്രിമെന്റ് നം.:131/26-12-2017

അളവു പുസ്തകം - 503, 546/17-18

ചെലവ് - 643132

അവസാന ബിൽ നം.2/26-4-2019

കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്യുകയും 5% കുറവ് നിരക്കിൽ പ്രവൃത്തി ഉറപ്പിച്ചു നൽകുകയും ചെയ്തുവെങ്കിലും അവസാന ബിൽ അനുവദിച്ച സമയത്ത് ടെണ്ടർ വ്യതിയാനം കുറവു ചെയ്യാതിരുന്നതിനാൽ താഴെ പറയും പ്രകാരം അധിക തുക കരാറുകാരന് നൽകിയിട്ടുണ്ട്.

കുറവു ചെയ്യേണ്ടിയിരുന്ന തുക – 1643132 * 5/100 = 32156 രൂപ

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 17(3)/22-7-22 ന് മറുപടി ലഭ്യമായില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 18.7.2022 മുതൽ 271.7.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| വൈദ്യുതി ബോർഡ് | 395/20- വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 61/17-1-20 | 148447.00 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| | | 67/28-1-20 | 97352.00 | |
| | | 73/24-2-20 | 16494.00 | |
| | | 74/24-2-20 | 26883.00 | |
| | | 75/24-2-20 | 47373.00 | |
| | | 75/26-2-20 | 23802.00 | |
| | | 78/26-2-20 | 25457.00 | |
| | 180/20- ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 60/17-1-20 | 23286.00 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| | | 59/17-1-20 | 21443.00 | |
| | | 58/17-1-20 | 8476.00 | |

താഴെ പറയുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ PWD ഷൊർണ്ണൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നതിനായി തുക കൈമാറിയിട്ടുണ്ട്.

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

| പ്രോജക്ട് നം, പേര് | അടങ്കൽ തുക | ബിൽ നം, തീയതി |
|---|---|---|
| 236/20, പബ്ലിക് അമിനിറ്റി സെന്റർ വയറിംഗ് | 700000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 25/22.06.19 |
| 228/20, അംഗൻവാടി വയറിംഗ് | 200000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 5/15.05.19 |
| 231/20, വയോജന പാർക്ക് ഇലക്ട്രിഫി ക്കേഷൻ ലൈറ്റ് | 200000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 24/22.06.19 |
| 233/20, എസ്. സി.പരിശീലന കേന്ദ്രം ഇലക്ട്രിഫിക്കേഷൻ | 200000/- (വികസനഫണ്ട് -എസ്.സി.പി) | 6/15.05.19 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | ആകെ വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സംസ്ഥാന സർക്കാരിന്റെ വായ്പ | വിശദാംശങ്ങൾ ലഭ്യമല്ല | വിശദാംശങ്ങൾ ലഭ്യമല്ല (*) | 32200 | | | 32200 |
| ഇ.എം.എസ് ലോൺ | - | 20000000 | 5318000 (**) | 5318000 | - | 0 |
| KURDFC Loan | - | 59000000 (***) | 59000000 | 6386667 | | 52613333 |

(*) വിശദാംശങ്ങൾ ലഭ്യമല്ല. ബാലൻസ് ഷീറ്റിൽ B6 ഷെഡ്യൂളിൽ 331200100 എന്ന ഹെഡിൽ 32200 രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമല്ല.

(**) മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ബാക്കി തുക 5818000 രൂപ എന്നത് പിന്നീട് 5318000 രൂപ എന്ന് ക്രമീകരിച്ചിട്ടുള്ളതിനാലാണ് ബാക്കി തുക വ്യത്യാസപ്പെട്ടിട്ടുള്ളത്.

(***) 2018-19 - 8800000 രൂപ + 2019-20 – 50200000 രൂപ.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | വൗച്ചർ നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2017-18 | 3-2 | 11900.00 | 119440103309/23.07.19 | വിവിധ കരാറുകാരിൽ നിന്നും ഈടാക്കിയ തുക |
| | | 41888.00 | 119440103350/24.07.19 | |
| | | 2856.00 | 119440103353/24.07.19 | |
| | | 8092.00 | 119440103354/24.07.19 | |
| | | 2618.00 | 119440103360/24.07.19 | |
| | | 9044.00 | 119440103367/24.07.19 | |
| | | 5712.00 | 119440103369/24.07.19 | |
| | | 5474.00 | 119440103380/25.07.19 | |
| | | 12852.00 | 119440103382/25.07.19 | |
| | | 13566.00 | 119440103402/25.07.19 | |
| | | 9758.00 | 119440103403/25.07.19 | |
| | | 2856.00 | 119440103419/25.07.19 | |
| | | 7854.00 | 119440103420/25.07.19 | |
| | | 5474.00 | 119440103421/25.07.19 | |
| | | 17890.00 | 119440103423/25.07.19 | |
| | | 15232.00 | 119440103498/29.07.19 | |
| | | 4522.00 | 119440103953/16.08.19 | |
| | | 15232.00 | 119440103954/16.08.19 | |
| | | 4998.00 | 119440106185/15.10.19 | |

| | | | | |
|---|---|---|---|---|
| | 3-4 | 20495.00 | 119440103422/24.07.19 | |
| 2011-12 | 3-14(9) | 8701.00 | 119440106337/23.10.19 | വിവിധ കരാറുകാരിൽ നിന്നും ഈടാക്കിയ തുക |
| | 3-15(9) | 50273.00 | 119440106338/23.10.19 | |
| | 3-14(6) | 19932.00 | 900223122284/28.10.19 | |
| | 3-15(6) | 25454.00 | 900223122285/28.10.19 | |
| ആകെ | | 322673.00 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ആം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998 -99, 99-00 | മറ്റു രാമർ ശങ്ങൾ ഒറ്റ നോട്ട ത്തിൽ | 2003-04 | ഖ.6.13 ന ശേഷ മുള്ള പട്ടിക | 2003-04 ഖ. 6.13<br>ഷൊർണ്ണൂർ നഗരസഭ<br>മറ്റു പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ<br>1. 98-99- ഖ. 32 -സർക്കാർ മാനദണ്ഡവിരുദ്ധമായി തുക ചെലവഴിച്ചു -87175 രൂപ<br>2. 98-99- ഖ. 33 -അനധികൃതമായി മുൻകൂർ അനുവദിച്ചത് -1081990 രൂപ<br>3. 98-99- ഖ. 34 -അംഗീകാരമില്ലാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക-15000 രൂപ<br>4. 98-99- ഖ. 35 -അനധികൃതമായി അനുവദിച്ച പദ്ധതി തുക-375000 രൂപ<br>5. 98-99- ഖ. 36എ -മരാമത്തു പണികളിൽ അധികം നൽകിയത്-10137 രൂപ<br>6. 99-00- ഖ. 42 -പട്ടികജാതിക്കാർക്ക് നെൽപ്പാടം വാങ്ങൽ പദ്ധതിയിൽ അനധികൃതമായി തുക അനുവദിച്ചത്-124250 രൂപ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണി ച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമാ യിട്ടില്ല. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വി വരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 91314625.53 |
| ഓഡിറ്റ് വർഷത്തെ വരവ് | 278201032 |
| ആകെ | 369515657.53 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 298057852 |
| നീക്കിയിരിപ്പ് | 71457805.53 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 32156 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവു ന്നവ | സർചാർജ് ചെയ്യാ വുന്നവ | |
| 3-1 | | 32156 | ശ്രീമതി.ലീല.ഇ, മുനിസിപ്പൽ എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തു ക

ഒന്നുമില്ല.

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 135432 | ശ്രീമതി.ലീല.ഇ, മുനിസിപ്പൽ എഞ്ചിനിയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസ ങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ലീല.ഇ, മുനിസിപ്പൽ എഞ്ചിനിയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഗുരുവായൂർ നഗരസഭ | ചക്കാലയ്ക്കൽ ഹൗസ്, പെരുഞ്ചേരി(പി.ഒ), തൃശ്ശൂർ-680306 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1996-97 | LF.P22/2197/12/ 6.3.2013 | 6 |
| 1997-98 | LF.P22/2199/12/ 6.3.2013 | 34 |
| 1998-99 | LF.P22/1186(1)/13/ 21.1.2015 | 6 |
| 1999-2000 | LF.P8/219/12/ 2.6.2012 | 19 |
| 2000-01 | LF.P22/1186(1)/13/ 1.1.2015 | 26 |
| 2001-02 | LF.P8/221/12/21.3.2012 | 12 |
| 2002-03 | LF.P8/222/12/29.3.2012 | 13 |
| 2003-04 | LF.P8/223/12/6.2.2012 | 30 |
| 2004-05 | LF.P8/224/12/15.5.2012 | 23 |
| 2005-06 | LF.P22/1242/13/15.5.2012 | 11 |
| 2006-07 | LF.P22/1980/13/ 6.8.2014 | 11 |
| 2007-08 To 2010-11 | L.P22/765/13/5.12.2014 | 42 |
| 2011-12 | LF.P22/1334/15/7.11.2015 | 25 |
| 2012-13 | KSA-PKD22/680/2020/ 22.6.2020 | 40 |
| 2013-14 & 2014-15 | KSA-PKD22-1164/16/ 23.10.2020 | 49 |
| 2015-16 | KSA-PKD22-156/17/6.8.18 | 38 |
| 2016-17 | KSA-PKD22/2009/17/ 31.7.2018 | 36 |
| 2017-18 | KSA-PKD22/167/19/30.9.2020 | 30 |
| 2018-19 | KSA-PKD22/451/21/ | 67 |

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ഷൊർണ്ണൂര് മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂര് മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക കണക്ക്-വിവിധ പത്രികകളുടെ സംക്ഷിപ്തം

1. Receipt and Payment Statement

| | | | |
|---|---|---|---|
| | Shornur Municipality RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 89557614.53 |
| Cash | Cash | RP-40(a) | 1757011.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 7271786.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 360280.00 |
| 130000000 | Rental income from Panchayat Properties | RP-3 | 7000.00 |
| 140000000 | Fees & User Charges | RP-4 | 15448545.00 |
| 150000000 | Sale & Hire Charges | RP-5 | 384049.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 105066367.00 |
| 170000000 | Income from Investments | RP-7 | 4300.00 |
| 171000000 | Interest Earned | RP-8 | 1277218.00 |
| 180000000 | Other Income | RP-9 | 1500040.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 24834849.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 3874800.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 58656168.00 |
| 330000000 | Secured Loans | RP-25 | 50200000.00 |
| 340000000 | Deposits Received | RP-27 | 189433.00 |
| 350000000 | Other Liabilities | RP-29 | 9066217.00 |
| 460000000 | Loans, Advances and Deposits | RP-41 | 59980.00 |
| | Grand total | | 369515657.53 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 16304646.00 |
| 220000000 | Administrative Expenses | RP-11 | 3250835.00 |
| 230000000 | Operations & Maintenance | RP-12 | 5569590.00 |
| 240000000 | Interest & Finance Charges | RP-13 | 15274.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 142305741.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 11791806.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 700000.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 26222179.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 3277997.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 140000.00 |
| 331000000 | Unsecured Loans | RP-26 | 5318000.00 |
| 350000000 | Other Liabilities | RP-29 | 21806848.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-19 | 8180056.00 |
| 311000000 | Earmarked Funds | RP-22 | 7054601.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 891851.00 |
| 330000000 | Secured Loans | RP-25 | 0.0 |
| 340000000 | Deposits Received | RP-27 | 990069.00 |
| 350000000 | Other Liabilities | RP-29 | 23954410.00 |
| 410000000 | Fixed Assets | RP-31 | 14057962.00 |
| 412000000 | Capital work in Progress | RP-33 | 5325049.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-41 | 900938.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 71457805.53 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 369515657.53 |

## 2. Income and Expenditure Statement

| | | | |
|---|---|---|---|
| Shornur Municipality<br><br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 36294149.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 360286.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 5481338.00 |
| 140000000 | Fee & User Charges | I-4(b) | 16282054.00 |
| 150000000 | Sale & Hire Charges | I-5(b) | 384049.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 197478543.00 |
| 170000000 | Income from Investments | I-7 | 4300.00 |
| 171000000 | Interest Earned | I-8 | 1224786.00 |
| 180000000 | Other Income | I-9 | 1502021.00 |
| | Total Income | | 259011526.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 56617119.00 |
| 220000000 | Administrative Expenses | I-11(b) | 5868190.00 |
| 230000000 | Operations & Maintenance | I-12(b) | 5958824.00 |
| 240000000 | Interest & Finance Charges | I-13 | 15274.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 164724641.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 10011944.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 26222179.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 3277997.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 325788.00 |
| 270000000 | Provisions and Write off | I-16 | 177829.00 |
| 272000000 | Depreciation | I-17(a) | 14424749.00 |
| | Total Expenditure | | 287624534.00 |
| | Gross Surplus/ Deficit of income over Expenditure | | -28613008.00 |
| 280000000 | Prior Period Item | I-18 | -31196382.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2583374.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## 3. Balancesheet

| | | | |
|---|---|---|---|
| Shornur Municipality BALANCE SHEET | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 32408806.45 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 2805677.00 |
| 312000000 | Reserves | B-3 | 160261594.00 |
| | Total Reserve & Surplus | | 195476077.45 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 55552286.00 |
| | Total Grants, Contributions for Specific Purposes | | 55552286.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 52613333.00 |
| 331000000 | Unsecured Loans | B-6 | 32200.00 |
| | Total Loans | | 52645533.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 16376416.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 30733002.20 |
| | Total Current Liabilities and Provisions | | 47109418.20 |
| | TOTAL LIABILITIES | | 350783314.65 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 207176511.42 |
| 411000000 | Accumulated Depreciation | B-11 | -46640754.00 |
| 412000000 | Capital Work in Progress | B-11 | 33945833.00 |
| | Total Fixed Assets | | 194481590.42 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 91151.00 |
| 431000000 | Sundry Debtors (Receivables) | B-15 | 62956167.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -995407.30 |
| 450000000 | Cash and Bank Balance | B-17 | 71457805.53 |
| 460000000 | Loans, Advances and Deposits | B-18 | 22792008.00 |
| | Total Current Assets, Loans and Advances | | 156301724.23 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 350783314.65 |